ബാല കുസുമം
മാസിക

പുസ്തകം 12
ലക്കം 5
2025 മെയ്

# ലക്ഷ്വറി കോഫി

ഒരു കപ്പ് കാപ്പിക്ക് എത്ര രൂപ വേണ്ടി വരും? പത്തുപതിനഞ്ചു രൂപ മതിയാകുമെന്നായിരിക്കും നിങ്ങൾ പറയുക. എന്നാൽ ഈ കോഫിയുടെ വില എത്രയെന്നറിയുമോ? 2000 രൂപയിലേറെ!

ഇന്തൊനീഷ്യയിൽ ഉൽപാദിപ്പിക്കുന്ന കോപി ലുവാക്കിനാണിത്രയും വില. ഇതിനു സവിശേഷതകളേറെയുണ്ട്. വെരുകിന്റെ വിസർജ്യത്തിൽ നിന്ന് ലഭിക്കുന്ന കാപ്പിക്കുരുവിൽ നിന്നാണ് ഈ കാപ്പി ഉണ്ടാക്കുന്നത്. കിലോയ്ക്ക് 13,600 രൂപ മുതലാണ് കോപി ലുവാക്കിന്റെ വില. സിവറ്റ് കോഫി എന്നും അറിയപ്പെടുന്ന ഈ കാപ്പിപ്പൊടി ഇന്ന് വിവിധ രാജ്യങ്ങളിൽ ഉൽപാദിപ്പിക്കുന്നുണ്ട്.

കൂടുതൽ കാപ്പി ഉൽപാദിപ്പിക്കുന്നതിനായി വന്യജീവിയായ വെരുകിനെ കാട്ടിൽനിന്ന് പിടിച്ചുകൊണ്ടുവന്ന് കൂട്ടിലിട്ടു വളർത്തുന്നു. ഇതിനെ കാപ്പിക്കുരു കഴിപ്പിക്കുന്നു. അതിന്റെ കാഷ്ഠത്തിൽനിന്നു കാപ്പിക്കുരു ശേഖരിച്ചു സംസ്കരിച്ചെടുക്കുന്നത് ഇന്തൊനീഷ്യയിലിപ്പോൾ വലിയ വ്യവസായമാണ്. രാത്രിസഞ്ചാരികളായ ഈ മൃഗങ്ങളെ പകൽസമയങ്ങളിൽ വിനോദസഞ്ചാരികൾക്കു മുമ്പിൽ പ്രദർശിപ്പിക്കാനും കച്ചവടക്കാർ മടിക്കാറില്ല.

പതിനേഴാം നൂറ്റാണ്ടിൽ യെമനിൽനിന്ന് ഡച്ചുകാർ 'അറബിക് കോഫി' കൊണ്ടുവന്ന കാലഘട്ടത്തിൽ തന്നെ വൈവിദ്ധ്യമാർന്ന കോഫിയുണ്ടാക്കാൻ ഇന്തൊനീഷ്യക്കാർ തുടങ്ങിയിരുന്നുവെന്നാണ് ചരിത്രം. പല പ്രതിഷേധങ്ങളുമുണ്ടായിട്ടുണ്ടെങ്കിലും വിദേശനാണ്യം നേടിത്തരുന്ന കോപിലുവാക് കൈവിടാൻ ഇന്തൊനീഷ്യയിലെ കർഷകർ തയാറാകുന്നില്ല.





# നന്മയ്ക്കു നന്മയും തിന്മക്കു തിന്മയും

സ്വൂഫികളുടെ രാജാവ് എന്നറിയപ്പെട്ട ഇബ്‌റാഹീമുബ്‌നു അദ്ഹം ആദ്യകാലത്ത് ബൽഖ് രാജ്യത്തെ രാജാവായിരുന്നു. സത്യസന്ധനും നീതിമാനുമായ ആ ഭരണാധികാരിയുടെ കീഴിൽ ജനങ്ങൾ സംതൃപ്തരും സുരക്ഷിതരുമായി ജീവിച്ചു. അന്നൊരു ദിവസം രാജാവിനു മുമ്പിൽ ഒരാൾ ഒരു പരാതിയുമായെത്തി: 'മഹാരാജാവേ, ഞാൻ ഒരു കർഷകനോട് പതിവായി വെണ്ണ


BALA KUSUMAM
CHILDRENS MONTHLY

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  ഇ.എം സുഫ്‌യാൻ ബുഖാരി
- ജനറൽ മാനേജർ
  കെ. ഉമർ മദനി
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, ഷാജി എസ്.എം
- ഡിസൈൻ & ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി


വാങ്ങാറുണ്ട്. എന്നാൽ കഴിഞ്ഞദിവസം സംശയം തോന്നി തൂക്കി നോക്കിയപ്പോഴാണ് മനസ്സിലായത്, തൂക്കത്തിൽ കുറച്ച് അയാൾ ഇതുവരെ എന്നെ വഞ്ചിക്കുകയായിരുന്നെന്ന്. അങ്ങ് ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കിത്തരണം. എന്റെ നഷ്ടം നികത്തിത്തരണം.'

അളവിലും തൂക്കത്തിലും കുറവു വരുത്തി മറ്റുള്ളവരെ വഞ്ചിക്കുന്നതിനെതിരെ അല്ലാഹു ഖുർആനിലൂടെ താക്കീത് ചെയ്തതാണല്ലോ. എന്നിട്ടും നമ്മുടെ രാജ്യത്ത് ഒരു പ്രജ ഈ വിധം വഞ്ചന നടത്തുകയോ?

രാജാവ് ആ കർഷകനെ പിടിച്ചുകെട്ടി തന്റെ മുമ്പിൽ ഹാജരാക്കാൻ

ഉത്തരവിട്ടു. രാജസേവകർ ഉടനെ തന്നെ കർഷകനെ രാജദർബാറിൽ ഹാജരാക്കി. രാജാവ് അയാളെ വിചാരണ ചെയ്തു.

'തന്നോടിദ്ദേഹം വെണ്ണ വാങ്ങാറുണ്ടോ?'

'അതേ മഹാരാജാവേ.'

'എത്ര തൂക്കം വെണ്ണയാണ് വാങ്ങാറ്?'

'ഒരു റാത്തൽ'

'എല്ലാ ദിവസവും താൻ കഴിഞ്ഞദിവസത്തെ പോലെയാണോ വെണ്ണ തൂക്കി നൽകാറ്?'

'അതേ മഹാരാജാവേ, അപ്രകാരം തന്നെയാണ്.'

'മഹാപാപീ, നീയൊരു കൊടും വഞ്ചകനാണല്ലേ!' രാജാവിന്റെ കോപത്തോടെയുള്ള പ്രതികരണം കേട്ട് കർഷകൻ പേടിച്ച് വിറച്ചുകൊണ്ടു പറഞ്ഞു: 'മഹാരാജാവേ, അടിയനൊരു തെറ്റും ചെയ്തിട്ടില്ല.'

'അളവിലും തൂക്കത്തിലും കുറവു വരുത്തുന്നത്



**വൈറ്റൽ കപ്പാസിറ്റി**

ശക്തമായ നിശ്വാസത്തിനു ശേഷം ഒരു വ്യക്തി ഉള്ളിലേക്ക് വലിച്ചെടുക്കുന്ന പരമാവധി വായുവിന്റെ അളവാണ് വൈറ്റൽ കപ്പാസിറ്റി എന്നറിയപ്പെടുന്നത്.

വഞ്ചനയാണെന്നും വലിയ കുറ്റമാണെന്നും നിനക്കറിയില്ലേ?'

'അടിയൻ അളവിലും തൂക്കത്തിലും ഒട്ടും കുറവു വരുത്തിയിട്ടില്ല യജമാനരേ.' കർഷകൻ തീർത്തു പറഞ്ഞു.


'ഇല്ലേ? നീ ഇന്നലെ കൊടുത്ത വെണ്ണയാണിത്. ഇത് ഒരു റാത്തൽ തൂക്കമില്ലല്ലോ.' വ്യാപാരി ഹാജരാക്കിയ വെണ്ണയിലേക്ക് ചൂണ്ടി രാജാവ് പറഞ്ഞു.

അപ്പോഴാണ് കർഷകന് തനിക്ക് പറ്റിയ അബദ്ധം ബോധ്യമായത്. അയാൾ വിശദീകരിച്ചു: 'മഹാരാജാവേ, അങ്ങ് പൊറുക്കണം. അടിയൻ അറിഞ്ഞുകൊണ്ട് ഒരു തെറ്റും ചെയ്തിട്ടില്ല. അടിയനെന്നും ഈ റൊട്ടിക്കച്ചവടക്കാരനോട് ഒരു റാത്തൽ റൊട്ടി വാങ്ങാറുണ്ട്. വസ്തുക്കൾ തൂക്കിക്കണക്കാക്കാനുള്ള ഉപകരണമൊന്നും അടിയന്റെ കൈവശമില്ല. അതുകൊണ്ട് ആ ഒരു റാത്തൽ റൊട്ടി ഒരു ഭാഗത്തും അതിന്റെ തൂക്കം വെണ്ണ മറുഭാഗത്തും വച്ചാണ് ഞാൻ തൂക്കി നൽകാറ്. അയാൾ നൽകുന്ന റൊട്ടിയുടെ തൂക്കം കുറഞ്ഞതുകൊണ്ടാവും വെണ്ണയുടെ തൂക്കവും കുറഞ്ഞുപോയത്.'

രാജാവിനു കാര്യം മനസ്സിലായി. കർഷകനല്ല, വ്യാപാരിയാണിവിടെ വഞ്ചകൻ എന്നു ബോധ്യമായി. അയാളുടെ നേരെ രോഷത്തോടെ നോക്കി രാജാവ് പറഞ്ഞു: 'ഈ കർഷകൻ നിരപരാധിയാണ്. നീയാണ് വഞ്ചകൻ. നീ ചെയ്ത തിന്മയുടെ ഫലം നിനക്കുതന്നെ തിരിച്ചു കിട്ടിയിരിക്കുകയാണ്. അണു അളവാണെങ്കിലും നന്മ ചെയ്തവന് അതിന്റെ ഗുണം കിട്ടും. തിന്മ ചെയ്തവന് അതിന്റെ ദുർഗുണവും ലഭിക്കാതിരിക്കില്ല.'

വഞ്ചകനായ വ്യാപാരിക്ക് രാജാവ് കഠിനശിക്ഷ വിധിച്ചു.

❖


സഫർ
അസ്സലാമു അലൈക്കും
വ അലൈക്കുമുസ്സലാം. ആരിത്, സഫറോ? എന്താ ഈ സമയത്ത്?
ജമാലിക്കാ, ഈ വഴി വരേണ്ട ഒരാവശ്യമുണ്ടായിരുന്നു. അപ്പോൾ ഇക്കയെ ഒന്ന് കാണാമെന്നു കരുതി.
നല്ല കാര്യം. ഇടയ്ക്കൊക്കെ ഒന്ന് വന്നില്ലെങ്കിൽ കുടുംബബന്ധം മറന്നു പോകുമല്ലോ.
അത് ശരിയാ. ഇടയ്ക്ക് ഇക്കാക്ക് ഒന്നങ്ങോട്ടും വരാലോ.
അതിനൊക്കെ നേരം കിട്ടണ്ടേ മോനേ.
ആ വീട്ടിൽ ആരാണിക്കാ താമസിക്കുന്നത്?
ആരാണെന്നൊന്നും അറിയൂല. ഏതോ അന്യനാട്ടുകാരാ. വാടകക്കാരാ.
ഇത്ര അടുത്ത വീട്ടുകാരായിട്ട് ഇക്ക അന്വേഷിച്ചില്ലേ?
എന്ത് അന്വേഷിക്കാനാ, അവിടെ ആരൊക്കെയോ വരണ്, പോകണ്.


രാത്രിസമയത്താ ണോ വരവും പോക്കും?
കൂടുതലും രാത്രി സ മയത്താ. നേരം പൊ ലരണതു വരെ.
ഇവരിവിടെ അടു ത്ത ദിവസമോ മറ്റോ വന്നതാണോ ഇക്കാ?
അല്ല, മാസങ്ങ ളായി.
എന്നിട്ടും ഇക്കയ് ക്ക് അവരെക്കുറി ച്ച് അറിയണമെന്നു തോന്നിയില്ലേ?
എന്തറിയാനാ, കഞ്ചാ വ് കച്ചവടക്കാരോ കുടിയന്മാരോ ഒക്കെ ആണെന്നു കേട്ടു.
ന്റെ റബ്ബേ, എന്നിട്ടാണോ ഇക്ക ഇങ്ങനെ?
ഞാനെന്തു ചെയ്യാ നാണെടോ? വെറു തെ ആ കടന്നൽ ക്കൂട്ടത്തിൽ ചെന്ന് തലയിടണോ?
ഇക്ക അവിടെച്ചെന്ന് ത ലയിടണമെന്നല്ല പറയുന്ന ത്. കുത്തേൽക്കാതെ ആ കടന്നലുകളുടെ ശ ല്യത്തിൽ നിന്ന് ജനങ്ങ ളെ രക്ഷിക്കണം.
അതെങ്ങനെ?



സർക്കാറും പോലീസുമൊക്കെ മയക്കുമരുന്നിനെതിരെ യുദ്ധത്തിനിറങ്ങിയ സമയമാണിത്. നമുക്കവരെ സഹായിക്കാമല്ലോ.
എങ്ങനെ സഹായിക്കും?
ഇതാ ഈ നമ്പറുകളിലൊന്നിൽ വിളിച്ചാൽ മതി. പോലീസെത്തി വേണ്ട നടപടി സ്വീകരിക്കും. 9447178000, 9061178000
ഇക്കാ, ഇത്തരം കാര്യത്തിൽ നമ്മുടെ മൗനം വലിയ അപകടമാണ്. വലിയ കുറ്റവുമാണ്.
നിങ്ങൾക്ക് തോന്നും, എനിക്കവരെക്കൊണ്ടിപ്പോൾ ശല്യമൊന്നുമില്ലല്ലോ എന്ന്.
അങ്ങനെ നിങ്ങൾ മൗനം പാലിച്ചാൽ ഈ നാട്ടിലെ കുട്ടികളെയും ചെറുപ്പക്കാരെയുമൊക്കെ അവർ നശിപ്പിക്കും.
വൈകാതെ അവർ നിങ്ങൾക്കെതിരെയും തിരിഞ്ഞേക്കും.
ശരി മക്കളേ, ഞാനിപ്പോൾ തന്നെ ഈ നമ്പറിൽ വിളിക്കാം.

# മരം ഒരു വരം

ശാക്കിർ തോട്ടിക്കൽ

കൂട്ടുകാർ ആലോചിച്ചിട്ടുണ്ടോ, മനുഷ്യനും മരങ്ങളും തമ്മിൽ എന്താണിത്ര ബന്ധമെന്ന്? നമുക്ക് ജീവവായു നൽകുന്നവരാണവർ എന്നതുകൊണ്ടു തന്നെ. നമ്മുടെ തൊടിയിലും പറമ്പിലും കാണുന്ന ആ കൂട്ടുകാരിൽ ചിലരെ പരിചയപ്പെടാം.

### ഗുൽമോഹർ

(Delonix Vegia)

വേനൽക്കാലത്ത് പൂക്കുകയും വസന്തം കഴിയുന്നതോടെ ഇല പൊഴിക്കുകയും ചെയ്യുന്ന വൃക്ഷമാണിത്. പരമാവധി പത്ത് മീറ്റർ ഉയരമുണ്ടാവും. അലസിപ്പൂമരം എന്ന പേരിലും ഇതറിയപ്പെടുന്നു.

### മഹാഗണി

(Swietenia Macrophylla)

തണൽവൃക്ഷമായും അലങ്കാരവൃക്ഷമായും മഹാഗണി നട്ടു വളർത്താറുണ്ട്. ഈർപ്പമുള്ള മണലിലാണ് ഇവ ധാരാളമായി വളരുന്നത്. ഏതാണ്ട് 40 മീറ്റർ ഉയരമുണ്ടാകാറുണ്ട്.

### പുളി

(Tamerindus Indica)

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ധാരാളമായി കാണപ്പെടുന്ന വൃക്ഷമാണ് പുളി. അറബി ഭാഷയിൽ ഈത്തപ്പഴം എന്നർത്ഥമുള്ള ‘തംറ്’, അറബികൾ ഇന്ത്യയെ വിളിക്കാറുള്ള ‘അൽഹിന്ദ്’ എന്നീ വാക്കുകൾ ചേർന്നാണ് തംറുൽഹിന്ദ് (ഇന്ത്യയുടെ ഈത്തപ്പഴം) എന്ന വാക്കുണ്ടായത്. ഇത് പിന്നീട് ഇംഗ്ലീഷിൽ ടാമറിൻഡ് എന്നറിയപ്പെട്ടു. ആഫ്രിക്കയാണ്

പുളിയുടെ ജന്മദേശം.

### തേക്ക്

(Tectona grandis)

തരുരാജൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വൃക്ഷമാണ് തേക്ക്. 60 സെന്റീമീറ്റർ വരെ നീളവും നീളത്തിന്റെ പകുതി വീതിയുമുള്ള ഇലകളാണിതിന്റെ പ്രത്യേകത. ലോകത്തിലെ ഏറ്റവും പഴക്കമുള്ള തേക്കിൻ തോട്ടം കേരളത്തിലെ നിലമ്പൂരിലാണുള്ളത്.

### പേരാൽ

(Ficus Bengalensis)

ലോകത്തിലെ ഏറ്റവും വിസ്താരമുള്ള വൃക്ഷമാണിത്. വർധിച്ചുകൊണ്ടിരിക്കുന്ന വായുമലിനീകരണം ചെറുക്കാൻ പേരാലിന് പ്രത്യേക ശേഷിയുണ്ട്. ജനുവരി മുതൽ മാർച്ച് വരെയാണ് പേരാലിന്റെ പൂക്കാലം.

### ചെമ്പകം

(Magnolia champaca)

ചെമ്പകം, കോട്ടച്ചെമ്പകം എന്നീ പേരുകളിൽ അറിയപ്പെടുന്ന ഇവ കേരളത്തിലെ വനപ്രദേശങ്ങളിലും നാട്ടിൻപുറങ്ങളിലും ധാരാളമായി കണ്ടുവരുന്നു. ചെമ്പകമരത്തിൽ വർഷം മുഴുവൻ പൂക്കളുണ്ടാകും. വണ്ടുകളാണ് ഇവയിൽ പരാഗണം നടത്തുന്നത്.





### ആഞ്ഞിലി

(Artocarpus hirsutus)

കൊടും വരൾച്ചയും തണുപ്പും അതിജീവിക്കാൻ കഴിയുന്ന വൃക്ഷമാണ് ആഞ്ഞിലി. 40 മീറ്ററിലധികം പൊക്കവും രണ്ടര മീറ്റർ വരെ വണ്ണവും ഇവയ്ക്കുണ്ടാകും.

### മാഞ്ചിയം

(Acacia Mangium)

സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി കേരളത്തിലെത്തിയ വൃക്ഷമാണ് മാഞ്ചിയം. ഏതു പ്രതികൂല സാഹചര്യത്തിലും വളരെവേഗം വളരാൻ ഈ വൃക്ഷത്തിനു കഴിയും. ആകൃതിയിൽ അക്കേഷ്യമരത്തിന്റെ ഇലയുമായി ഇവയുടെ ഇലകൾക്ക് സാമ്യമുണ്ട്.

### വെള്ളപ്പൈൻ

(Vateria Indiaca)

പശ്ചിമഘട്ടങ്ങളിൽ ധാരാളം കാണപ്പെടുന്ന ഒരു നിത്യഹരിത വൃക്ഷമാണിത്. മിനുസമുള്ള പുറം തൊലിയിലുള്ള വെള്ളപ്പൊട്ടുകളാണ് ഈ മരത്തിന്റെ പേരിനു കാരണം.

### ഈട്ടി

(Dalbergia latifolia)

മലേഷ്യയിൽ ജന്മം കൊണ്ട ഈട്ടി ലോകത്തിലെ ഏറ്റവും വില പിടിപ്പുള്ള മരങ്ങളിലൊന്നാണ്. വരൾച്ചയെയും കാട്ടുതീയിനെയും അതിജീവിക്കാൻ ഇവയ്ക്ക് കഴിയും.

# ഇടിമിന്നൽ നേരത്തേ അറിയാം

ഓരോ വർഷവും രാജ്യത്ത് രണ്ടായിരത്തിലധികം പേർ ഇടിമിന്നലേറ്റ് മരണപ്പെടുന്നുണ്ടെന്നാണ് കണക്ക്. ഇവരിൽ ഭൂരിഭാഗവും കർഷകരടക്കമുള്ള സാധാരണക്കാരാണ്. അൽപ്പം ശ്രദ്ധിച്ചാൽ ഒഴിവാക്കാവുന്ന മരണങ്ങളാണധികവും. കാലാവസ്ഥാ മുന്നറിയിപ്പിന്റെ ഭാഗമായി ഇടിമിന്നൽ മുന്നറിയിപ്പു സംവിധാനം കൂടി വേണമെന്ന സ്വപ്നം യാഥാർഥ്യമാക്കിയിരിക്കുകയാണ് ഐ.എസ്.ആർ.ഒ. നാഷനൽ റിമോട്ട് സെൻസിംഗ് സെന്ററാണ് ഭൂസ്ഥിര ഉപഗ്രഹങ്ങളിൽനിന്നുള്ള വിവരങ്ങൾ അപഗ്രഥിച്ച് ഇടിമിന്നൽ പ്രവചിക്കുന്ന പുതിയ സംവിധാനം രൂപപ്പെടുത്തിയിരിക്കുന്നത്. ഇടിമിന്നൽ സംഭവിക്കുന്നതിന് രണ്ടര മണിക്കൂർ മുമ്പ് അറിയാൻ ഈ സംവിധാനം വഴി സാധിക്കും.

സാധാരണഗതിയിൽ മിന്നലേൽക്കാനുള്ള സാധ്യത നന്നേ കുറവാണ്, അഞ്ച് ലക്ഷത്തിലൊന്ന് എന്ന നിലയിലാണതിന്റെ സാധ്യത. 30,000 ആംപിയർ അളവ് വൈദ്യുതിയാണ് മിന്നലിലൂടെ എത്തുന്നത്. ഇത് മനുഷ്യശരീരത്തിന് താങ്ങാനാവില്ല. മിന്നൽ മൂലമുണ്ടാകുന്ന പരിക്കിലുപരി ഹൃദയാഘാതത്തിനുവരെ ഇതു കാരണമാകും.

# ഈ വാച്ചിൽ ഒന്നല്ല; മൂന്നു സമയങ്ങൾ

സമയം മാത്രമല്ല, സൂര്യന്റെ സ്ഥാനവും നക്ഷത്ര രാശിയുമെല്ലാം അറിയാൻ പറ്റുന്ന വാച്ച് നിർമിച്ചിരിക്കുകയാണ് സ്വിറ്റ്സർലാന്റിലെ വാഷറോൺ കോൺസ്റ്റന്റീൻ എന്ന കമ്പനി. 'സോളാറിയ' എന്നു പേരിട്ട ഈ സ്മാർട് വാച്ച് വിപണിയിലെത്തിക്കഴിഞ്ഞു. സാധാരണ 24 മണിക്കൂർ സമയം, സൗരദിനം, നിശ്ചിത നക്ഷത്രത്തെ അപേക്ഷിച്ച് ഭൂമിയുടെ ഭ്രമണം അടിസ്ഥാനമാക്കിയുള്ള സമയവ്യാപ്തിയായ സൈഡീരിയൽ സമയം എന്നീ മൂന്ന് സമയങ്ങൾ ഈ വാച്ചിൽ കാണാം. രാശിചക്രത്തിലെ 13 രാശികൾ, സ്റ്റോപ്‌വാച്ച്, കലണ്ടർ, മറ്റു ജ്യോതിശാസ്ത്ര സംബന്ധമായ വിവരങ്ങൾ എന്നിവയും വാച്ചിൽ അറിയാനാകും. എട്ടു വർഷത്തെ കഠിനപ്രയത്നത്തിലൂടെയാണ് വാച്ച് വികസിപ്പിച്ചതെന്ന് കമ്പനി വക്താക്കൾ പറയുന്നു.

ഉമർ ഹസൻ മുണ്ടമ്പ്ര

# ഇമാം അബ്ദുല്ലാഹിൽ ഹദ്ദാദ്(റ)

ഹദ്ദാദ് റാതീബ് എല്ലാവർക്കും സുപരിചിതമാണല്ലോ. രാത്രികളിൽ പള്ളികളിൽ നിന്നും വീടുകളിൽ നിന്നുമൊക്കെ ഹദ്ദാദ് റാതീബ് ചൊല്ലുന്നതു കേൾക്കാം. ഈ റാതീബ് ക്രോഡീകരിച്ച മഹാനാണ് അബ്ദുല്ലാഹിബ്നു ഹദ്ദാദ്(റ).

ഹി. 1044 സ്വഫർ 5ന് യമനിലെ ഹളർമൗത്തിലെ അൽസുബൈർ ഗ്രാമത്തിലാണ് ഇമാമിന്റെ ജനനം.

പിതാവ്: അലവിയ്യുബ്നു മുഹമ്മദ് അൽഹദ്ദാദ്.
മാതാവ്: സൽമ ബിൻത് ഹൈദ്രൂസ്.



🔊 മാതാവും പിതാവും തിരുനബി(സ)യുടെ സന്താന പരമ്പരയിൽ പിറന്നവരാണ്.

🔊 പിതാവിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചു. ശാഫിഈ കർമശാസ്ത്ര സരണിയിൽ അവഗാഹം നേടി.

🔊 ഖുർആനിലും ഹദീസുകളിലും വന്ന അമൂല്യമായ ദിക്റുകളും ദുആകളും കോർത്തിണക്കി ഹി. 1071 ൽ മഹാൻ തയ്യാറാക്കിയ സമാഹാരമാണ് ഹദ്ദാദ് റാത്തീബ്.

🔊 ഹളർമൗത്തിൽ നിന്ന് ഇസ്‌ലാമിക പ്രബോധന ദൗത്യവുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെത്തിയ സയ്യിദുമാർ ഹദ്ദാദ് റാത്തീബിന് ആഗോള പ്രചാരം നൽകി.

🔊 ഇന്ത്യക്കു പുറമെ മക്ക, മദീന, യമൻ, സിറിയ തുടങ്ങിയ രാജ്യങ്ങളിലെല്ലാം ഇന്ന് ഹദ്ദാദ് റാത്തീബ് പ്രചാരത്തിലുണ്ട്.

🔊 ഹി. 1132 ദുൽഖഅദ് ഏഴിന് ഇമാം ഹദ്ദാദ്(റ) വഫാത്തായി. യമനിലെ തരീമിൽ അന്ത്യവിശ്രമം കൊള്ളുന്നു.

ഹദ്ദാദ് റാത്തീബ് പതിവാക്കുന്നവർക്ക് വിപത്തുകളിൽ കാവൽ ലഭിക്കുമെന്നും മരണനേരത്ത് ഈമാൻ ലഭിക്കുമെന്നും മഹാന്മാർ പ്രസ്താവിച്ചിട്ടുണ്ട്. ❖

കുഞ്ഞുമോൻ

അബൂതസ്നീം

# നാട്ടിൻപുറ ക്കാഴ്ചകൾ

അമ്മായി ഇടയ്ക്കിടെ വിരുന്നു വരും. വരുമ്പോഴൊക്കെ കുഞ്ഞോൻ്യാനും കുഞ്ഞ്യോൾക്കും ഏറെ ഇഷ്ടപ്പെട്ട പഴങ്ങളും പച്ചക്കറികളുമൊക്കെ കൊണ്ടുവരാറുണ്ട്. വരുമ്പോഴൊക്കെ അമ്മായി ക്ഷണിക്കും; കുറച്ചുദിവസം അവരുടെ വീട്ടിൽ ചെന്നു താമസിക്കാൻ. അവിടെ കൂടെക്കളിക്കാൻ സിനാനും ഫിദയും അംജദുമൊക്കെയുണ്ടല്ലോ.

പക്ഷേ, പൂതിയുണ്ടായിട്ടെന്താ, ഉമ്മ സമ്മതിക്കണ്ടേ! ഉപ്പ സമ്മതിച്ചാലും ഉമ്മ വിടൂല. കഴിഞ്ഞപ്രാവശ്യം അമ്മായി ക്ഷണിച്ചപ്പോൾ കൂടെ പോകാൻ കുഞ്ഞുമോൻ ശ്രമിച്ചതാണ്. ഇത്തിരി വാശി പിടിക്കുകയും ചെയ്തു. അപ്പോൾ ഉമ്മ പറഞ്ഞു: 'വെക്കേഷനാവട്ടെ, കുഞ്ഞ്യോന് കുറച്ചു ദിവസം അവിടെ ചെന്നു കൂടാം.'


നോമ്പും പെരുന്നാളും പരീക്ഷയുമൊക്കെ കഴിഞ്ഞപ്പോഴേക്കും വെക്കേഷനായല്ലോ.

'ഉമ്മാ, അമ്മായിന്റെ വീട്ടിലേക്ക് എന്നാ പോവാ?' കുഞ്ഞുമോൻ ഇടയ്ക്കിടെ ചോദിക്കും. അങ്ങനെയാണിപ്പോൾ വിരുന്നുപോക്കുണ്ടായത്. ഉപ്പയും ഉമ്മയും കുഞ്ഞ്യോളും അവിടെ ഒരു ദിവസം താമസിച്ചു തിരിച്ചുപോരും. കുഞ്ഞുമോന് അഞ്ചുദിവസം താമസിക്കാം. മദ്റസയിലെ ഉസ്താദിനോട് വിവരം പറഞ്ഞ് ഉപ്പ സമ്മതമാക്കിയിട്ടുണ്ട്.

ഒരു കുന്നിൻപുറത്താണ് അമ്മായിയുടെ വീട്. റോഡിൽ കാർ നിറുത്തി കുത്തനെയുള്ള പടവുകൾ

കയറി വേണം വീട്ടി ലെത്താൻ.

റോഡിൽ കാറ് നിറുത്തിയപ്പോഴേക്കും ഓടിയെത്തിയിട്ടുണ്ടല്ലോ സിനാനും ഫിദയും. സിനാന്റെ കൈ പിടിച്ച് പടവുകൾ ഓടിക്കയറി കുഞ്ഞുമോൻ മുറ്റത്തെത്തി. താഴോട്ടു നോക്കുമ്പോൾ കാണാൻ നല്ല രസം. ചുറ്റുവട്ടത്തും പച്ച നിറമാണ്. മുറ്റിത്തഴച്ചു വളരുന്ന തെങ്ങുകളുടെയും കവുങ്ങുകളുടെയും മാവുകളുടെയും പ്ലാവുകളുടെയും പേരറിയാത്ത ഒട്ടേറെ മരങ്ങളുടെയും വിവിധ തരം പച്ചകൾ. പച്ചയെന്നാണ് പൊതുവെ പറയുന്നതെങ്കിലും കടുംപച്ചയും ഇളംപച്ചയും മഞ്ഞ കലർന്ന പച്ചയും കറുപ്പ് കലർന്ന പച്ചയുമായി എത്രയോ തരം പച്ചകൾ!



കൺകുളിർമയുണ്ടാക്കുന്ന പച്ചനിറം! കുഞ്ഞുമോന്റെ ശ്രദ്ധ ആദ്യം പതിഞ്ഞത് ഈ പച്ചകളിലാണ്; അൻവർസാർ പലപ്പോഴും പറയാ



റുണ്ടല്ലോ വൈവിധ്യമാർന്ന പച്ചകളെപ്പറ്റി.

കാഴ്ചകൾ നോക്കിയിരിക്കുന്നതിനിടയിൽ സിനാൻ കൈക്കുമ്പിൾ നിറയെ പഴുത്ത ചാമ്പക്കയുമായി വന്നു. കുഞ്ഞ്യോൾളോടൊപ്പം അത് തിന്നു തീർക്കുന്നതിനിടെ വന്നിരിക്കുന്നു, കുറെ പേരക്കയുമായി. എല്ലാം അപ്പോൾ പറിച്ചെടുത്തതാണ്. അങ്ങനെ വയറു നിറഞ്ഞിരിക്കുമ്പോഴാണ് അമ്മായി ചായ കുടിക്കാൻ വിളിച്ചത്. പലതരം പലഹാരങ്ങൾ നിരത്തിയിട്ടുണ്ടെങ്കിലും കുഞ്ഞ്യോനും കുഞ്ഞ്യോൾക്കും അതിലൊന്നും ഒട്ടും താല്പര്യം തോന്നിയതേയില്ല. അധികനേരം കഴിഞ്ഞില്ല, അമ്മായി വിളിക്കുന്നു ഭക്ഷണം കഴിക്കാൻ. ചെന്നു നോക്കുമ്പോൾ കുഞ്ഞുമോന് ഏറെ ഇഷ്ടപ്പെട്ട നെയ്ച്ചോറും കോഴിക്കറിയും! വിഭവസമൃദ്ധമായ ഉച്ചഭക്ഷണം വയറു നിറയെ കഴിച്ചിരിക്കുമ്പോഴാണ് സിനാൻ വന്നു വിളിച്ചത്: 'കുഞ്ഞ്യോനേ, വാ... നമ്മൾക്ക് മാഞ്ചോട്ടിൽ പോകാം.'

കേൾക്കേണ്ട താമസം കുഞ്ഞുമോൻ എഴുന്നേറ്റ് സിനാന്റെ പിന്നാലെയോടി. തട്ടുതട്ടുകളായി ഉയർന്നു നിൽക്കുന്ന പറമ്പുകളാണ്. സിനാൻ അതിവേഗം മതിലുകൾ ചാടിക്കയറുന്നുണ്ട്. കുഞ്ഞുമോന് അതൊന്നും പരിചയമില്ലല്ലോ. ഓരോ മതിലും കയറുമ്പോൾ അവൻ സിനാനുനേരെ കൈകൾ നീട്ടും. അവൻ നീട്ടുന്ന കൈകളിൽ തൂങ്ങിയാണ് കുഞ്ഞുമോൻ മതിലുകൾ കയറിയത്. അതിനിടെ അവൻ പറയുന്നുണ്ടായിരുന്നു: 'കുഞ്ഞ്യോനേ, പേടിക്കണ്ടാ ട്ടോ. രണ്ടീസം കൊണ്ട് നെനക്കെല്ലാം പരിചയാകും.'

വലിയ വലിയ മാവുകൾ... പ്ലാവുകൾ... ഓരോന്നിന്റെയും ചുവട്ടിലെത്തുമ്പോൾ സിനാൻ പരിചയപ്പെടുത്തും: 'ഇത് എളോർ മാവാട്ടോ. വല്യ മാങ്ങാണ് ണ്ടാവുക. നല്ല രസമുള്ള മാങ്ങയാ. പക്ഷേ, കുറച്ചേ ണ്ടാവൂ..'

'ഇത് ചേലനാ... നിറയെ മാങ്ങണ്ടാവും. പഴുത്താല് നല്ല മധുരം!'

'ഇതേയ്, നാട്ടുമാവാ. കുഞ്ഞുമാങ്ങയാണുണ്ടാവാ; എന്തു മധുരാന്നോ ഈ മാങ്ങക്ക്. ഞങ്ങളിതിനെ ചക്കര മാങ്ങാ ന്നാ വിളിക്കാ.'

'ഇത് മുവങ്കുയ്യൻ, ഇത് തത്തച്ചുണ്ടൻ, ഇത് കോമാങ്ങ, ഇത് കപ്പായി...' എത്രയെത്ര തരം മാവുകൾ.

എല്ലാ മാവുകളിലും മാങ്ങ യുണ്ട്.

നടക്കുന്നതിനിടയിൽ നാട്ടുമാവിൽ നിന്നെന്തോ വീണ ശബ്ദം. സിനാൻ ഓടിച്ചെന്നു രണ്ടു കുഞ്ഞു മാങ്ങകളുമായി വന്നു. കുഞ്ഞുമോന്റെ മുഖത്തേക്കു നീട്ടി പറഞ്ഞു: 'മണത്തുനോക്ക്യേ!'

ഹായ്..! കൊതിപ്പിക്കുന്ന മണം! കുഞ്ഞുമോന്റെ വായിൽ വെള്ളമൂറി.

'തിന്നുനോക്ക്യേ, നെനക്ക് തരാൻ ചക്കരമാവ് വീഴ്ത്തിത്തന്നതാ.' സിനാൻ ആ രണ്ടു മാങ്ങകളും കുഞ്ഞുമോന്റെ കൈകളിൽ വച്ചു കൊടുത്തു. അതിന്റെ മധുരം നുണഞ്ഞ് അവൻ അത്ഭുതപ്പെട്ടു നിന്നു.

'കുഞ്ഞ്യോൻ ചക്ക കണ്ടോ? ഇക്കുറി എല്ലാ പ്ലാവിലും ചക്കയുണ്ടായിട്ടുണ്ട്.' സിനാൻ പറഞ്ഞപ്പോഴാണ് കുഞ്ഞുമോന്റെ ശ്രദ്ധ പ്ലാവിലേക്കു തിരിഞ്ഞത്. ശരിയാണ്; പ്ലാവിലൊക്കെ നിറയെ ചക്കകൾ.

'ഇത് വരിക്കപ്ലാവാ... പഴുത്താല് നല്ല രസണ്ടാവും, മധുരവും.'

'ഇതേയ്, പഴഞ്ചക്ക്യാ... മധുരണ്ടാവെങ്കിലും നൂലനാ... വായിലിട്ടാല് ഒന്നിച്ചു വിഴുങ്ങേണ്ടിവരും....'

'ഇതിന് ഞങ്ങള് തേൻവരിക്ക ന്നാ പറയാറ്റോ. തേൻ പോലെ മധുരണ്ടാവും...'

സിനാൻ പ്ലാവുകളെയും പരിചയപ്പെടുത്തിയപ്പോൾ കുഞ്ഞുമോന് അത്ഭുതം. എത്രയെത്ര ജാതി ചക്കയും മാങ്ങയുമാ! ഈ സിനാന് അതിന്റെയൊക്കെ പേരറിയാം. രുചിയറിയാം.... നാട്ടിൻ പുറത്ത് ജീവിക്കുന്നതിന്റെ ഗുണം തന്നെ! അവന്റെ മുമ്പിൽ താൻ കൊച്ചാവുന്നത് പോലെ തോന്നി കുഞ്ഞ്യോന്.

മാവും പ്ലാവും കശുമാവും ആഞ്ഞിലിയും പേരയും ചാമ്പയും മുരിങ്ങയും... അനേകതരം മരങ്ങൾ, അതിനിടയിൽ കപ്പയും ചേനയും ചേമ്പും മഞ്ഞളും ഇഞ്ചിയും വാഴയും.... പലതരം കൃഷികൾ!

ഇവിടെ ഒത്തിരിയൊത്തിരി കാര്യങ്ങൾ മനസ്സിലാക്കാനും പഠിക്കാനുമുണ്ടല്ലോ. അഞ്ചു ദിവസം കൊണ്ട് എല്ലാം പഠിച്ചു തീർക്കാം. അതിന് സിനാനെത്തന്നെ ഗുരുവാക്കാം. കുഞ്ഞുമോൻ മനസ്സിലുറച്ചു.

❖

# നഗ്നപാദനായ അടിമ

അബ്ദുല്ല പടല

ഒരിക്കൽ വീട്ടിൽ കൂട്ടുകാരുമൊത്ത് തമാശകൾ പറഞ്ഞിരിക്കുകയായിരുന്നു ബിശ്ർ(റ). അപ്പോൾ ഒരപരിചിതൻ വന്ന് വീടിന്റെ കതകിൽ മുട്ടി. പരിചാരിക വാതിൽ തുറന്നപ്പോൾ ആഗതൻ ചോദിച്ചു: 'ഈ വീട്ടുകാരൻ സ്വതന്ത്രനാണോ അടിമയാണോ?'

'സ്വതന്ത്രനാണ്.' പരിചാരിക മറുപടി നൽകി.

'ശരിയാണ്, അടിമയായിരുന്നെങ്കിൽ ഇത്തരം പ്രവർത്തനങ്ങളിൽ അദ്ദേഹം ഏർപ്പെടുമായിരുന്നില്ല.' ഇത്രയും പറഞ്ഞ് അയാൾ നടന്നകന്നു. പുറത്ത് അപരിചിതമായൊരു സംസാരം കേട്ട ബിശ്ർ(റ) പുറത്തിറങ്ങി പരിചാരികയോട് ചോദിച്ചു: 'ആരാണിപ്പോൾ നിന്നോട് സംസാരിച്ചത്?' പരിചാരിക നടന്ന സംഭവങ്ങൾ വിശദീകരിച്ചു. ഇതുകേട്ട മഹാൻ ചെരുപ്പുപോലും ധരിക്കാതെ ആഗതനെ ത്തേടിയിറങ്ങി. വൈകാതെ അദ്ദേഹത്തെ കണ്ടുമുട്ടി. ബിശ്റുൽഹാഫീ(റ) ചോദിച്ചു: 'നിങ്ങളാണോ എന്റെ വീട്ടിൽ വന്ന് പരിചാരികയോട് സംസാരിച്ചത്?'

'അതേ' അപരിചിതൻ മറുപടി നൽകി.

'നിങ്ങൾ പറഞ്ഞ വാക്കുകൾ ആവർത്തിക്കാമോ?' അദ്ദേഹം തന്റെ വാക്കുകൾ ആവർത്തിച്ചു. അതുകേട്ട് ബിശ്ർ(റ) സുജൂദിൽ വീണ് ഇങ്ങനെ പറഞ്ഞു: 'ഞാൻ അടിമയാണ്, അടിമയാണ്, അടിമയാണ്!' പിന്നീട് അല്ലാഹുവിനെക്കുറിച്ചുള്ള ചിന്തയിലാണ്ടുപോയ മഹാൻ നഗ്നപാദനായി പലയിടങ്ങളിൽ അലഞ്ഞു നടന്നു. തുടർന്ന് മഹാൻ നഗ്നപാദൻ എന്നർത്ഥമുള്ളുന്ന 'ഹാഫീ' എന്ന പേരു ചേർത്ത് ബിശ്റുൽഹാഫീ(റ) എന്നറിയപ്പെട്ടു.


ഹോജ
ഹായ് നല്ല സൂപ്പിന്റെ മണം. വാങ്ങാൻ കയ്യിൽ പണമില്ലല്ലോ. എന്തു ചെയ്യും?
ങ്ഹാ, ഒരാൾ വരുന്നുണ്ട്.
തൽക്കാലം സൂപ്പിന്റെ മണം ആസ്വദിച്ച് ഈ റൊട്ടി അകത്താക്കാം.
ഹമ്പട! സൂപ്പിന്റെ മണം ആസ്വദിച്ച് റൊട്ടി കഴിക്കുകയാണല്ലേ!
അയാൾ പോകാൻ ഒരുങ്ങിയപ്പോൾ,
ഹേയ്, പണം തന്നിട്ടു പോകു.
ങേ! പണമോ? എന്തിന്?
കടയുടെ മുമ്പിൽ സൂപ്പിന്റെ മണം ആസ്വദിച്ച് താങ്കൾ റൊട്ടി കഴിച്ചില്ലേ, ആ മണത്തിനുള്ള വിലയാണ് ഞാൻ ചോദിച്ചത്.
അതെങ്ങനെ ശരിയാവും? ഞാൻ സൂപ്പ് വാങ്ങിയില്ലല്ലോ.
എങ്കിൽ വരൂ, നമുക്ക് ന്യായാധിപനെ കാണാം.
ശരി! സമ്മതിച്ചു.



രണ്ടുപേരും ന്യായാധിപനായ ഹോജയുടെ അടുത്ത്,
സൂപ്പ് മണത്തതിന് പണമോ? ഇതെന്തു ന്യായം?
സൂപ്പിന്റെ മണം ആസ്വദിച്ചതിന് പണം വേണമെന്ന് ന്യായമല്ലേ?
ങ്ഹാ! ഒരു വിദ്യയുണ്ട്.
താങ്കൾ എനിക്കല്പം പണം തരൂ.
തരാമല്ലോ
ങേ?!
ഈ നാണയങ്ങൾ വീഴുന്ന ശബ്ദം താങ്കൾ കേട്ടില്ലേ?
അതേ, കേട്ടു.
ശരി, ഇയാൾക്ക് താങ്കൾ വിറ്റ സൂപ്പിന്റെ മണത്തിനുള്ള വിലയാണത്. ഇനി പൊയ്ക്കോളൂ.

# ഖലീഫയുടെ വിനയം

അബൂബക്കർ സഖാഫി, പന്തല്ലൂർ

അഞ്ചാം ഖലീഫ എന്ന പേരിൽ വിശ്വപ്രസിദ്ധനായ അമവീഭരണാധികാരിയായിരുന്നു ഉമറുബ്നു അബ്ദുൽഅസീസ്(റ). ഒരിക്കൽ ഖലീഫയെ സന്ദർശിക്കാൻ ഒരതിഥിയെത്തി. അപ്പോൾ ഗൗരവത്തിൽ എന്തോ എഴുതുകയായിരുന്നു ഖലീഫ. പെട്ടന്ന് എണ്ണ തീർന്ന് വിളക്കണയാറായി.

ഉടനെ 'ഞാൻ വിളക്കിൽ എണ്ണയൊഴിച്ചു കൊണ്ടുവരാം' എന്നു പറഞ്ഞ് അതിഥി എഴുന്നേറ്റു.

'വേണ്ട.' ഖലീഫ അതിഥിയെ തടഞ്ഞുകൊണ്ട് ഖലീഫ തുടർന്നു: 'അതിഥിയെക്കൊണ്ട് വേല ചെയ്യിപ്പിക്കുന്നത് മാന്യതക്ക് നിരക്കുന്നതല്ലെന്നറിയില്ലേ?'

ഖലീഫയുടെ പ്രതികരണം കേട്ടപ്പോൾ അതിഥി പറഞ്ഞു: 'എങ്കിൽ ഞാൻ അങ്ങയുടെ വേലക്കാരനെ വിളിച്ചുണർത്താം.'

'വേണ്ട. അദ്ദേഹമിപ്പോൾ ഉറങ്ങിയതേയുള്ളൂ' എന്നു പറഞ്ഞ്

ഖലീഫ എഴുന്നേറ്റുപോയി വിളക്കിൽ എണ്ണയൊഴിച്ചു കൊണ്ടുവന്നു.

അതുകണ്ട അതിഥി ആശ്ചര്യപൂർവ്വം പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ, അങ്ങു തന്നെ എഴുന്നേറ്റു പോയി അക്കാര്യം നിർവ്വഹിച്ചുവല്ലോ.'

പുഞ്ചിരിയോടെ ഖലീഫയുടെ പറഞ്ഞു: 'വിളക്കിൽ എണ്ണയൊഴിക്കാൻ എഴുന്നേറ്റുപോയപ്പോൾ ഞാൻ ഉമറാണ്. എണ്ണയൊഴിച്ചു തിരിച്ചു വന്നപ്പോഴും ഞാൻ ഉമർ തന്നെ. വിളക്കിൽ എണ്ണയൊഴിച്ചതുകൊണ്ട് ഒരു ന്യൂനതയും എനിക്കുണ്ടായിട്ടില്ല.'

ഖലീഫയുടെ വിനയം കണ്ട് അതിഥി ആശ്ചര്യപ്പെട്ടു.

# കൊക്കച്ചൻ




പാടമൊരുക്കി കൊക്കച്ചൻ
വിത്തു വിതച്ചു കൊക്കച്ചൻ
വിത്തു മുളച്ചതു കപ്പോൾ
മാനത്തെത്തി ചെറുകിളികൾ

കിളികളെയാട്ടാൻ കൊക്കമ്മെ
കാവലിരുത്തി കൊക്കച്ചൻ
കിളികൾ ചിലച്ചു വരും നേരം
വളകൾ കിലുക്കി കൊക്കമ്മ


കിലുകിലുകിലുകിലു ശബ്ദത്തിൽ
വളകൾ കിലുക്കിയ നേരത്ത്
പല പല വഴിയെ ചെറുകിളികൾ
ചിതറിപ്പാറീ മാനത്ത്

ചെന്താപ്പൂര്


# നഷ്ട പരിഹാരം




ദുർവാശിക്കാരനായ കർഷകനായിരുന്നു പുട്ടണ്ണ.
പുട്ടണ്ണാ, നിലം ഉഴുതുമറിക്കാൻ നിന്റെ കാളയെ വായ്പ നൽകാമോ?
ശരി. വാടക എനിക്കിപ്പോൾ കിട്ടണം.


എന്റെ കാളക്ക് എന്തെങ്കിലും സംഭവിച്ചാൽ നിന്നെ വെറുതെ വിടില്ല.
ഈ കാളയെ ഞാൻ പൊന്നുപോലെ നോക്കും.






രാമണ്ണ പുട്ടണ്ണയുടെ കാളയുമായി കൃഷിസ്ഥലത്തേക്ക് നടന്നു.
പുട്ടണ്ണ എന്തിനാണ് എല്ലാ കാര്യത്തിലും വാശി കാണിക്കുന്നത്?



വൈകുന്നേരം,
ഹാവൂ, നിലമുഴുതു കഴിഞ്ഞു. നാളെ വിത്ത് വിതക്കാം.
തിരിച്ചുപോകുമ്പോൾ,
ഹോ, നേരം സന്ധ്യയായി. വേഗം നടക്ക്.
പെട്ടെന്ന്,
ഗ്ർർർ...!
ഹയ്യോ, പുലി.
രാമണ്ണ ഒരുവിധം ഓടി രക്ഷപ്പെട്ടു.
പുലി കാളയെ കൊന്നു തിന്നു കാണും. പുട്ടണ്ണയോട് ഇനിയെന്തു പറയും?


അടുത്തദിവസം രാമണ്ണ അവിടെ പോയി നോക്കി. കാളയുടെ എല്ലും തോലും മാത്രമായിരുന്നു അവിടെയുണ്ടായിരുന്നത്.
ഹയ്യോ, കാള ചത്തുപോയി. പുട്ടണ്ണയെ വിവരമറിയിക്കാം.
പുട്ടണ്ണയുടെ വീട്ടിൽ,
ക്ഷമിക്കണം, നിന്റെ കാളയെ ഒരു പുലി കൊന്നു തിന്നു.
കാളയെ നന്നായി നോക്കാമെന്ന് നീ വാക്കുതന്നതല്ലേ?
ശരിയാണ്. ആ കാളക്ക് ഞാൻ നഷ്ടപരിഹാരം നൽകാം.
അതു പറ്റില്ല. എനിക്കെന്റെ കാളയെത്തന്നെ തിരിച്ചു തരണം.
എന്റെ കാളയെ തിരിച്ചുതന്നില്ലെങ്കിൽ നീ എന്റെ കാളയെ കൊന്നു എന്ന് ഞാൻ കേസ് കൊടുക്കും.



ഹോ! ഇതിലും ഭേദം പുലി എന്നെ പിടിക്കുന്നതായിരുന്നു.
എങ്കിൽ ശരി. നാളെ എന്റെ വീട്ടിൽ വന്നോളൂ. നിന്റെ കാള അവിടെയുണ്ടാവും.
ഹും... അത് എന്റെ കാളയല്ലെങ്കിൽ കുഴപ്പമാകും. അറിയാമല്ലോ.
അടുത്ത ദിവസം രാവിലെ പുട്ടണ്ണ രാമണ്ണയുടെ വീടിനു മുന്നിലെത്തി.
ഹേയ്, രാമണ്ണാ, എവിടെ എന്റെ കാള?
അകത്തുനിന്ന് മറുപടിയൊന്നും ലഭിക്കാതായപ്പോൾ പുട്ടണ്ണക്ക് ദേഷ്യം വന്നു.
എന്നെ പറ്റിക്കാൻ നോക്കുന്നോ? ഞാൻ വാതിൽ തുറക്കാൻ പോവുകയാണ്.



പുട്ടണ്ണ വാതിൽ തുറന്നതും,
ങേ!
ക്ലിൻ...!
ക്രാഷ്..!
പ്ധും...!
ഉടനെ രാമണ്ണ ഓടിവന്നു.
ങ്ഹേ! ഞങ്ങളുടെ മൺകുടങ്ങളെല്ലാം നീ പൊട്ടിച്ചു. എന്റെ മുത്തച്ഛൻ നൽകിയതായിരുന്നു അത്.
ങേ!
ഒന്നും പറയേണ്ട. എനിക്ക് ആ പാത്രങ്ങൾ എനിക്ക് തിരിച്ചു തരണം.
ഹയ്യോ! പൊട്ടിപ്പോയ പാത്രങ്ങൾ എങ്ങനെ ഞാൻ തിരിച്ചു തരും?
അതുശരി! അതുപോലെ പുലി പിടിച്ച നിന്റെ കാളയെ എനിക്കെങ്ങനെ തിരിച്ചു തരാൻ കഴിയും? എന്റെ പാത്രങ്ങൾ തിരിച്ചു തന്നാൽ നിന്റെ കാളയെയും തിരിച്ചു തരാം.
ക്ഷമിക്കണം, രാമണ്ണാ എന്റെ ദുർവാശിയാണ് എല്ലാ പ്രശ്നത്തിനും കാരണം.



## സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ



# അബ്ദുൽ ഗഫാർ ഖാൻ

മുഹ്സിൻ കളത്തിൽകുണ്ട്

**കൂ**ട്ടുകാർ അതിർത്തിഗാന്ധിയെക്കുറിച്ച് കേട്ടിട്ടുണ്ടോ? ഇന്ത്യ-പാക്കിസ്ഥാൻ വിഭജനകാലത്ത് അതിർത്തി പ്രദേശങ്ങളിലുണ്ടായ തർക്കങ്ങൾ പരിഹരിക്കുന്നതിൽ മുഖ്യപങ്കുവഹിച്ച ഖാൻ അബ്ദുൽഗഫാർ ഖാനാണ് അതിർത്തി ഗാന്ധി എന്നറിയപ്പെടുന്നത്. ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തിയിലുള്ള ഉസ്മാൻസായ് എന്ന ഗ്രാമത്തിൽ ബഹ്റാംഖാന്റെ മകനായി 1890 ലാണ് അബ്ദുൽഗഫാർ ഖാൻ ജനിച്ചത്. മതപാഠശാലയിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയ ഗഫാർഖാൻ പെഷവാറിലെ മിഷൻ സ്കൂളിൽ ഉപരിപഠനം നടത്തി.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സജീവമായിരുന്നു അദ്ദേഹം. ഇന്ത്യ-പാക്കിസ്ഥാൻ വിഭജനത്തെത്തുടർന്ന് വർഗീയലഹളകൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ അതിർത്തിപ്രദേശങ്ങളിൽ സമാധാനം സ്ഥാപിക്കാൻ അദ്ദേഹം ശ്രമിച്ചു. രാജ്യത്തെ ജനങ്ങളെ വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കാൻ ബ്രിട്ടീഷ് ഗവൺമെന്റിന് അനുമതി നൽകുന്ന റൗലറ്റ് ആക്ടിനെതിരെയുള്ള പ്രക്ഷോഭത്തിൽ ഖാൻ അബ്ദുൽഗഫാർ ഖാൻ സജീവമായി പങ്കെടുത്തു. സമരത്തിനിടെ അദ്ദേഹം മഹാത്മാഗാന്ധിയെ കണ്ടുമു

ട്ടുകയും പിന്നീട് ഗാന്ധി യോടൊപ്പം സമരങ്ങളിൽ സജീവമാവുകയും ചെയ്തു. ഖിലാഫത്ത് പ്രസ്ഥാനത്തിലും അംഗമായിരുന്നു അദ്ദേഹം.

1921 ൽ ജന്മനാട്ടിലെ ഒരു ജില്ലാഖിലാഫത്ത് കമ്മിറ്റിയുടെ പ്രസിഡന്റായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. 1929ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്ത ഖാൻ അബ്ദുൽ ഗഫാർ ഖാൻ പഷ്തൂണുകൾക്കിടയിൽ ഒരു സംഘടന സ്ഥാപിക്കുകയും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ പിന്തുണച്ച് അഹിംസാത്മക ദേശീയ പ്രക്ഷോഭത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

പുഷ്തുഭാഷയിൽ ആദ്യമായി പത്രം തുടങ്ങിയത് അബ്ദുൽഗഫാർ ഖാനാണ്. 1928 മെയ് മാസത്തിൽ പ്രസിദ്ധീകരണമാരംഭിച്ച 'പക്തൺ' ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനും പുഷ്തുഭാഷക്കും മഹത്തായ സേവനമാണർപ്പിച്ചത്.

1931 ഡിസംബർ 24ന് അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. ഗാന്ധി-ഇർവിൻ സന്ധിക്കുശേഷം ആദ്യമായി അറസ്റ്റ് ചെയ്യപ്പെടുന്ന കോൺഗ്രസുകാരൻ അദ്ദേഹമാണ്. പഞ്ചാബിലും അതിർത്തി സംസ്ഥാനത്തിലും കടക്കാൻ പാടില്ലെന്ന നിബന്ധനയോടെ മൂന്നുവർഷത്തിനു ശേഷം ജയിൽ മോചിതനായി. പിന്നീട് കുറച്ചു കാലം ഗാന്ധിജിയോടൊപ്പം വാർധയിൽ താമസിച്ചു. 1946ൽ വർഗീയ ലഹളകൾമൂലം ബീഹാറിലെ മുസ്‌ലിംകൾ കഷ്ടപ്പെടുന്നുവെന്നറിഞ്ഞപ്പോൾ അനാരോഗ്യം വകവെക്കാതെ അദ്ദേഹം അവിടെയെത്തി സമാധാന പ്രവർത്തനങ്ങളിൽ മുഴുകി. അക്കൊല്ലം തന്നെ അദ്ദേഹം കേന്ദ്ര അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

അധികാരക്കൈമാറ്റത്തെപ്പറ്റി ബ്രിട്ടനിൽ നിന്നുവന്ന ക്യാബിനറ്റ് മിഷനുമായി ചർച്ച ചെ




യ്യാൻ കോൺഗ്രസ് നിയോഗിച്ച നാലു പേരിൽ ഒരാൾ അബ്ദുൽഗഫാർ ഖാനായിരുന്നു. വിഭജനാശയത്തെ എതിർത്തതിനാൽ മുസ്ലിംകൾക്കിടയിൽ തന്നെ അദ്ദേഹം വിമർശിക്കപ്പെട്ടു. സ്വതന്ത്ര പക്തൂണിസ്താനു വേണ്ടി വാദിച്ചതിന്റെ പേരിൽ പിന്നീടും അദ്ദേഹം ജയിലിലിലടക്കപ്പെട്ടു. പലപ്പോഴായി 15 വർഷം അദ്ദേഹം പാക്ജയിലുകളിൽ കഴിച്ചുകൂട്ടിയിട്ടുണ്ട്.

1964ൽ ജയിൽമോചിതനായ ഖാൻ ചികിത്സാർത്ഥം ലണ്ടനിലേക്കു പോയി. 1964 മുതൽ കാബൂളിൽ സ്ഥിരതാമസമാക്കി. ഇന്ത്യയുമായി നല്ല ബന്ധം പുലർത്തിയ അദ്ദേഹത്തിന് 1969ൽ ഇന്ത്യൻ ഗവൺമെന്റ് നെഹ്റു അവാർഡ് നൽകി. ഗാന്ധിശതാബ്ദി ആഘോഷങ്ങൾക്കിടയിൽ പിന്നീടദ്ദേഹം ഇന്ത്യ സന്ദർശിച്ചു. ഇന്ത്യയിൽ ഹൃദ്യമായ സ്വീകരണമാണ് അദ്ദേഹത്തിന് ലഭിച്ചത്. 1987 ആഗസ്റ്റിൽ ഇന്ത്യൻ ഗവൺമെന്റ് അദ്ദേഹത്തിന് ഭാരതരത്നം നൽകി ആദരിച്ചു. 1988 ജനുവരി 20ന് 98-ാം വയസ്സിൽ പെഷവാറിൽ വെച്ച് അദ്ദേഹം വിട പറഞ്ഞു. ‘മൈ ലൈഫ് ആൻഡ് സ്ട്രഗിൾ’ എന്ന അദ്ദേഹത്തിന്റെ ഓർമ്മക്കുറിപ്പുകൾ 1969 ൽ പ്രസിദ്ധീകരിച്ചു.

റൈഹാൻ

സമസ്ത ചരിത്രം - 19

# നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ



**പൊ**ന്നാനിയിൽ നിന്ന് അറിവിന്റെ വെളിച്ചം പരത്തിയ മഖ്ദൂമാരെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടുണ്ടല്ലോ. അവരുടെ താവഴിയിൽപ്പെട്ട ഒരു കുടുംബം നെല്ലിക്കുത്ത് മുസ്‌ലിയാരകത്ത് താമസിച്ചിരുന്നു. ആ കുടുംബത്തിലെ പ്രധാനിയായ ഒരു പണ്ഡിതനായിരുന്നു ഇസ്മാഈൽ മുസ്‌ലിയാർ. സ്വാതന്ത്ര്യസമര നായകനായ ആലി മുസ്‌ലിയാരുടെ ശിഷ്യനായിരുന്നു ഇദ്ദേഹം. 1921ലെ മലബാർ സ്വാതന്ത്ര്യ സമരത്തെ തുടർന്ന് ആലി മുസ്‌ലിയാരെ പിടികൂടാൻ വെള്ളക്കാരുടെ പട്ടാളം തിരൂരങ്ങാടി പള്ളി വളഞ്ഞു. ഉസ്താദിനെ പിടിക്കാനെത്തിയ പട്ടാളത്തെ ശിഷ്യനായ ഇസ്മാഈൽ മുസ്‌ലിയാരും കൂട്ടുകാരും ശക്തമായി ചെറുത്തു നിന്നു. ആ സമരത്തിൽ ഇസ്മാഈൽ മുസ്‌ലിയാർ രക്തസാക്ഷിയായി.

മുസ്‌ലിയാരകത്ത് കുടുംബത്തെ ഏറെ വേദനിപ്പിച്ച സംഭവമായിരുന്നു അത്. പിന്നീട് 1939ൽ ഇസ്മാഈൽ മുസ്‌ലിയാരുടെ സഹോദരനായ അഹ്മദ് മുസ്‌ലിയാർക്ക് ഒരു മകൻ പിറന്നു. രക്തസാക്ഷിയായ ജ്യേഷ്ഠന്റെ

ഓർമ്മയിൽ അദ്ദേഹം തന്റെ മകന് ഇസ്മാഈൽ എന്നു പേരു വിളിച്ചു. ആ കുട്ടിയാണ് പിൽക്കാലത്ത് മഹാപണ്ഡിതനായി, ശൈഖുൽഹദീസായി മാറിയ നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ.

കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു ഇസ്മാഈൽ മുസ്‌ലിയാരുടെ ബാല്യകാലം. പത്തുവയസ്സ് തികയുന്നതിനു മുമ്പേ ഉപ്പ അഹ്മദ് മുസ്‌ലിയാർ ഈ ലോകത്തോടു വിടപറഞ്ഞു. പിന്നെ ഉമ്മയുടെയും അമ്മാവന്മാരുടെയും തണലിലായിരുന്നു ജീവിതം.

നാട്ടിൽ നിന്നുള്ള പ്രാഥമിക പഠനത്തിനുശേഷം അവർ കുട്ടിയെ പഠിക്കാൻ പള്ളിദർസിലയച്ചു. പഠനം തുടരുന്നതിനിടയിൽ ഇസ്മാഈലിന്റെ പതിനെട്ടാം വയസ്സിൽ ഉമ്മ മറിയംബീവിയും മരണപ്പെട്ടു. കണ്ണീരുണങ്ങാത്തതായി പിന്നെ ആ കുട്ടിയുടെ ജീവിതം. ദർസിൽ നിന്ന് ഇടയ്ക്കെപ്പോഴെങ്കിലും നാട്ടിൽ വരും. താക്കോലെടുത്ത് വീട് തുറക്കും. ഉമ്മയുടെയും ഉപ്പയുടെയും ഓർമ്മകളിൽ മനസ്സ് വിങ്ങും. ഒറ്റയ്ക്കിരുന്ന് കരയും. വല്ലപ്പോഴും സ്വന്തമായി ഭക്ഷണമുണ്ടാക്കി കഴിക്കും.

അന്നേ പ്രതിജ്ഞയെടുത്തതാണ്, ദുരിതപൂർണ്ണമെങ്കിലും ഈ ജീവിതം പാഴായിപ്പോകരുതെന്ന്. എല്ലാ വിഷമങ്ങളും മാറ്റിവെച്ച് അദ്ദേഹം പഠനത്തിൽ മുഴുകി. വെറും കിതാബോത്തല്ല; ഓരോ വിഷയത്തിലും ആഴത്തിലുള്ള പഠനം തന്നെ! തന്റെ ദാഹം തീർക്കാൻ കഴിവുറ്റ ഉസ്താദുമാരെ തേടിച്ചെന്നു ശിഷ്യത്വം സ്വീകരിച്ചു. നെല്ലിക്കുത്ത് കുഞ്ഞസ്സൻ ഹാജി, മഞ്ചേരി അബ്ദുറഹ്മാൻ മുസ്‌ലിയാർ, കുട്ടി മുസ്‌ലിയാർ, കെ.സി ജമാലുദ്ദീൻ മുസ്‌ലിയാർ തുടങ്ങിയവർ ഇസ്മാഈൽ മുസ്‌ലിയാരുടെ ഗുരുവര്യന്മാരാണ്.

ബിരുദ പഠനത്തിനായി ഉസ്താദ് ദയൂബന്ദിലേക്കാണ് പോയത്. ബിരുദാനന്തരം അരിപ്ര, നെല്ലിക്കുത്ത്, പുല്ലാര, കാവനൂർ, പൊടിയാട്ട്, മേൽമുറി തുടങ്ങിയ സ്ഥലങ്ങളിൽ മുദരിസായി. തുടർന്ന് നന്തി ദാറുസ്സലാം കോളേജിൽ പ്രൊഫസറായി



അഞ്ചുകൊല്ലം സേവനമനുഷ്ഠിച്ചു. 1986 മുതൽ മർകസ് ശരീഅ കോളേജിൽ ശൈഖുൽഹദീസായി. സുന്നത്ത് ജമാഅത്തിന്റെ ധീരശബ്ദമായിരുന്നു നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ. പ്രഭാഷണത്തിലൂടെയും എഴുത്തിലൂടെയും അദ്ദേഹം പുത്തൻ പ്രസ്ഥാനക്കാരെ പ്രതിരോധിച്ചു. അങ്ങനെ ഉയർന്ന് സമസ്ത കേന്ദ്ര മുശാവറ അംഗമായി.

വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട ഗുരുവായിരുന്നു ഇസ്മാഈൽ മുസ്‌ലിയാർ. അറിവുകൾ അടിച്ചേൽപ്പിക്കുകയായിരുന്നില്ല, ഹൃദ്യമായി, രസകരമായി അവതരിപ്പിച്ച് അവരുടെ മനം നിറയ്ക്കുകയായിരുന്നു. ഉസ്താദിന്റെ ക്ലാസുകൾ ചർച്ചകളും തർക്കങ്ങളും തമാശകളും നിറഞ്ഞതായിരുന്നുവത്രെ. ആർക്കും എന്തും ചോദിക്കുകയും പറയുകയും ചെയ്യാൻ ഉസ്താദ് അവസരം നൽകിയിരുന്നു.

വിലപ്പെട്ട അനേകം ഗ്രന്ഥങ്ങളുടെ രചയിതാവാണ് നെല്ലിക്കുത്ത് ഉസ്താദ്. അഖാഇദുസ്സുന്ന, മിർആത്തുൽ മിശ്കാത്ത്, ഫിഖ്ഹുസ്സുന്ന തുടങ്ങിയ അറബി ഗ്രന്ഥങ്ങൾ അറബികളുടെ പോലും പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. തൗഹീദ് ഒരു സമഗ്രപഠനം, മതങ്ങളിലൂടെ ഒരു പഠനപര്യടനം, ഇസ്‌ലാമിക സാമ്പത്തിക നിയമങ്ങൾ, ജുമുഅ ഒരു പഠനം, ഫതാവാ തുടങ്ങി മലയാളത്തിലും ശ്രദ്ധേയവും ആധികാരികവുമായ ഗ്രന്ഥങ്ങൾ ഉസ്താദ് രചിച്ചിട്ടുണ്ട്. 2011 ഏപ്രിൽ 3ന് ആ മഹാമനീഷി ഈ ലോകത്തോടു വിട പറഞ്ഞു.



# ഇന്ത്യയിലെ സംസ്ഥാനങ്ങൾ 2

## അസം

- തലസ്ഥാനം: ദിസ്പുർ
- വിസ്തീർണം: 78,438 ച.കി.മീ
- ജനസംഖ്യ: 3,12,05,576
- ജനസാന്ദ്രത: 398/ച.കി.മീ
- സ്ത്രീപുരുഷ അനുപാതം: 958/1000
- സാക്ഷരത: 72.19%
- ഭാഷകൾ: അസമീസ്, ബോഡോ, മിഷിങ്, കർബി
- ലോക്സഭാ സീറ്റുകൾ: 14
- രാജ്യസഭാ സീറ്റുകൾ: 7
- അസംബ്ലി സീറ്റുകൾ: 126

### ചരിത്രം

1. അസം സംസ്ഥാനം 1950 ജനുവരി 25ന് രൂപീകരിക്കപ്പെട്ടു. പ്രാചീനകാലത്ത് പ്രാഗ്ജ്യോതിഷ് എന്നാണറിയപ്പെട്ടിരുന്നത്.
2. അസമിൽനിന്നു വേർപെടുത്തി രൂപീകരിക്കപ്പെട്ട സംസ്ഥാനങ്ങളാണ് നാഗാലാൻഡ്, മിസോറം, മേഘാലയ എന്നിവ.
3. ചുവന്ന നദികളുടെയും നീലക്കുന്നുകളുടെയും നാട്, ഇന്ത്യയുടെ ചായത്തോട്ടം എന്നീ വിശേഷണങ്ങൾ അസമിനുണ്ട്.

**ജില്ലകൾ:** 1. ധുബ്രി, 2. കൊക്രജാർ, 3. ബൊങ്കായ്ഗാവ്, 4. ഗോൽപാറ, 5. ബാർപേട്ട, 6. നൽബാരി, 7. കാമ്രൂപ്, 8. ദറങ്, 9. സോണിത്പൂർ, 10. ലഖിപൂർ, 11. ധേമാജി, 12. മോറിഗാവ്, 13. നഗാവ്, 14. ഗോലാഘട്ട്, 15. ജോർഹട്ട്, 16. സിബ്സാഗർ, 17. ദിബ്രുഗഢ്, 18. തിൻസുകിയ, 19. കർബി–ആങ് ലോങ്, 20. കരിംഗഞ്ച്, 21. ഹൈയ്ലാകണ്ഡി, 22. സച്ചാർ, 23. ദിമാഹസാഒ, 24. ബക്സ, 25. ചിറാങ്, 26. ഉദാൽഗുഡി, 27. കാമരൂപ് മെട്രോപൊളിറ്റൻ, 28. മജുലിദ്വീപ്, 29. ബിശ്വനാഥ് ചരിയാലി, 30. ഹോജോയ്, 31. വെസ്റ്റ് കാർബി അങ്ലോങ്, 32. ചരൈദ്യു, 33. സൗത്ത് സൽമറ–മങ്കച്ചാർ, 34. ബജലി, 35. തമൽപുർ.

**അതിർത്തികൾ :**
**വടക്ക്:** ഭൂട്ടാൻ, അരുണാചൽ പ്രദേശ്.
**കിഴക്ക്:** നാഗാലാൻഡ്, മണിപ്പൂർ, അരുണാചൽപ്രദേശ്.
**തെക്ക്:** മേഘാലയ, ത്രിപുര, മിസോറാം.
**പടിഞ്ഞാറ്:** പശ്ചിമബംഗാൾ.

**സംസ്ഥാന പുഷ്പം**
ഫോക്സ് ടൈൽ ഓർക്കിഡ്
**സംസ്ഥാന വൃക്ഷം**
ഹൊല്ലോങ്
**സംസ്ഥാന പക്ഷി**
വൈറ്റ്-വിങ്ഡ് വുഡ് ഡക്ക്.
**സംസ്ഥാന മൃഗം**
ഒറ്റക്കൊമ്പൻ കാണ്ടാമൃഗം.

മനസ്സിൽ പട്ടം

# എടക്കൽ ഗുഹയിലെ ശിലാചിത്രങ്ങൾ



ഇന്ത്യയിലെ പൈതൃക മൂല്യമുള്ള പുരാവസ്തുശേഷിപ്പുകളിലൊന്നാണ് എടക്കൽ ഗുഹ. വയനാട് ജില്ലയിൽ, അമ്പലവയലിൽ നിന്ന് ഏകദേശം 12 കിലോമീറ്റർ അകലെയുള്ള അംബുകുത്തിമലയിലാണീ ഗുഹ സ്ഥിതിചെയ്യുന്നത്. ചരിത്രവും കലയും ഒരുമിക്കുന്ന ഈ ഗുഹ മനുഷ്യന്റെ ആദിമ സംസ്കാരത്തിനു തെളിവായി നിലനിൽക്കുന്നു. ശിലായുഗ കാലഘട്ടത്തിലുള്ളതെന്നു കരുതപ്പെടുന്ന പെട്രോഗ്ലിഫുകളാൽ സമ്പന്നമാണ് എടക്കൽ ഗുഹ. മനുഷ്യരുടെ എഴുത്തിന്റെയും കലാ ആവിഷ്കാരത്തിന്റെയും ആദ്യകാല ഉദാഹരണങ്ങളാണ് പെട്രോഗ്ലിഫുകൾ. കേരളത്തിൽ കണ്ടെടുക്കപ്പെട്ടിട്ടുള്ള ഏറ്റവും പഴക്കം ചെന്ന ലിഖിതങ്ങൾ ഇവിടെയാണുള്ളത്. 'ഇടയിലുള്ള കല്ല്' എന്നതിൽ നിന്ന് ലോപിച്ചുണ്ടായതാണ് എടക്കൽ എന്ന വാക്ക്. പാറയിലുണ്ടായ വിടവിൽ വീണു കിടക്കുന്ന വലിയൊരു കല്ലാണ് ഈ പേരിന്നാധാരം.

മലബാറിലെ ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന എഫ്. ഫോസെറ്റാണ് 1901ൽ എടക്കൽ

ഗുഹയെ ലോകശ്രദ്ധയിലേക്കു കൊണ്ടുവന്നത്. മലബാറിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് അദ്ദേഹം വയനാടൻ മലനിരകളിലെത്തിയത്. ഗുഹക്കകത്തു കണ്ട കാഴ്ചകളിൽ ആകൃഷ്ടനായ ഫോസെറ്റ് ചില രേഖകളും ചിത്രങ്ങളുമെടുത്ത് ബ്രിട്ടനിലെ ഗവേഷണ കേന്ദ്രങ്ങളിലേക്കയച്ചു. പിന്നീട് പുരാവസ്തുവിദഗ്ധരും ചരിത്രകാരന്മാരും ഈ സ്ഥലം സന്ദർശിച്ചു കൂടുതൽ പഠനം നടത്തി. ഗുഹാചിത്രങ്ങൾ ഏകദേശം 6000 ബി.സി. മുതൽ 1000 ബി.സി. വരെയുള്ള കാലഘട്ടങ്ങളിലുള്ളതാണെന്ന് പഠനങ്ങളിൽ തെളിഞ്ഞു.

## പെട്രോഗ്ലിഫുകൾ

പാറകളിൽ കൊത്തിവെച്ചിരിക്കുന്ന പുരാതന ചിഹ്നങ്ങൾ, ചിത്രങ്ങൾ, രേഖകൾ എന്നിവയുടെ ശാസ്ത്രീയ പദമാണ് പെട്രോഗ്ലിഫുകൾ. 'പെട്രോ' എന്നത് 'പാറ' എന്നർത്ഥം വരുന്ന ഗ്രീക്ക് പദത്തിൽ നിന്നും 'ഗ്ലിഫ്' എന്നത് 'കൊത്തിയ ചിഹ്നം' എന്നർത്ഥം വരുന്ന ലാറ്റിൻപദത്തിൽ നിന്നുമാണുണ്ടായത്. പുരാതന മനുഷ്യരുടെ ജീവിതശൈലി,





വിശ്വാസങ്ങൾ, സംസ്കാരം, ആശയവിനിമയം എന്നിവയെക്കുറിച്ചുള്ള വിലയേറിയ വിവരങ്ങളാണ് പെട്രോഗ്ലിഫുകൾ കൈമാറുന്നത്. മായ്ച്ചുകളയാൻ കഴിയാത്തതിനാൽ ഇവ ദീർഘകാലം നിലനിൽക്കുകയും ചെയ്യുന്നു.

മുഹ്സിൻ ചീക്കിലോട്

# ബാബുമോനും പൂത്തുമ്പിയും

വീട്ടുമുറ്റത്ത് കളിച്ചു നടക്കുകയായിരുന്നു ബാബുമോൻ. അപ്പോഴാണ് ചെടിയുടെ മുകളിൽ ഒരു പൂത്തുമ്പി ഇരിക്കുന്നതു കണ്ടത്. 'ഹായ്, പൂത്തുമ്പി' എന്നു പറഞ്ഞ് അവൻ പതുങ്ങിച്ചെന്ന് പൂത്തുമ്പിയെ ഒറ്റപ്പിടുത്തം!

പാവം പൂത്തുമ്പി! അത് ബാബുമോന്റെ കൈയിൽ കിടന്ന് ചിറകടിച്ചു. അവൻ ചിറകിൽ പിടിച്ച് പൂത്തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കാൻ തുടങ്ങി.

'ഹെയ്‌ലസ ഹയ്യാ...
ഹെയ്‌ലസാ
കല്ലുകളങ്ങനെ പൊങ്ങട്ടെ
എല്ലാ കല്ലുമെടുത്തെന്നാൽ
പൂന്തേൻ നൽകാം പൂത്തുമ്പീ.'

പാവം പൂത്തുമ്പിയുടെ ചിറകുകൾ തളർന്നുപോയെന്നു പറഞ്ഞാൽ മതിയല്ലോ! അപ്പോഴാണ് ഈ കാഴ്ച കണ്ട് ബാബുമോന്റെ മുത്തച്ഛൻ അവിടെയെത്തിയത്. 'എന്താ ബാബുമോനേ ഈ കാണിക്കുന്നത്? ആ തുമ്പിയെ പറത്തിവിടൂ...' മുത്തച്ഛൻ പറഞ്ഞതുകേട്ട് ബാബുമോൻ പൂത്തുമ്പിയെ മാനത്തേക്ക് പറത്തിവിട്ടു.

പിന്നെ, മുറ്റത്തുണ്ടായിരുന്ന ഒരു വലിയ കല്ല് ചൂണ്ടിക്കാട്ടി മുത്തച്ഛൻ പറഞ്ഞു: 'ബാബുമോനേ, ആ കല്ലൊന്നെടുത്തു പൊക്കാൻ നിന്നെക്കൊണ്ടാവുമോ?'

ബാബുമോൻ ചെന്ന് കല്ല് പൊക്കാൻ ശ്രമിച്ചു. 'ഹയ്യോ! മുത്തച്ഛാ എത്ര ശ്രമിച്ചിട്ടും ഈ കല്ല് അനങ്ങുന്നില്ലല്ലോ. കല്ലു പൊക്കാൻ ശ്രമിച്ച് ഞാൻ തളർന്നുപോയല്ലോ.'

'അങ്ങനെയാണെങ്കിൽ ആലോചിച്ചു നോക്കൂ, തന്റെ ശരീരത്തെക്കാൾ വലിയ കല്ല് ചുമക്കുമ്പോൾ പാവം പൂത്തുമ്പി എത്ര

ബുദ്ധിമുട്ടിയിട്ടുണ്ടാവും!' മുത്തച്ഛൻ പറഞ്ഞതു കേട്ടപ്പോൾ ബാബുമോന് തന്റെ തെറ്റ് മനസ്സിലായി.




'കാരുണ്യത്തിൽ പെരുമാറാം
സഹജീവികളെ സ്നേഹിക്കാം
മുത്തച്ഛൻ തന്നുള്ളൊരു പാഠം
പാലിച്ചീടാം എന്നെന്നും.'

മേലിൽ ഒരു ജീവിയെയും ഉപദ്രവിക്കില്ലെന്ന് ബാബുമോൻ മുത്തച്ഛന് വാക്കുനൽകി. മുത്തച്ഛൻ അവനെ ചേർത്തുപിടിച്ച് നെറ്റിയിൽ ഒരു മുത്തം നൽകി.

# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. 2025ൽ ജ്ഞാനപീഠം പുരസ്കാരം നേടിയ സാഹിത്യകാരൻ?

2. 2025 മാർച്ചിൽ ക്ഷയരോഗ നിർമാർജനത്തിന്റെ ഭാഗമായി ക്ഷയരോഗികളെ ദത്തെടുത്ത സംസ്ഥാനം ഏത്?

3. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച പുനരുപയോഗിക്കാവുന്ന ബഹിരാകാശ വിക്ഷേപണ വാഹനം?

4. സുനിത വില്യംസും ബുച്ച് വിൽമോറും 287 ദിവസത്തെ ബഹിരാകാശ വാസത്തിനുശേഷം തിരിച്ചെത്തിയത് ഏതു പേടകത്തിൽ?

5. 2025 ലെ ഖേലോ ഇന്ത്യ പാരാഗെയിംസിന് വേദിയാകുന്ന നഗരം?

6. ശഹീദ് ദിവസ് ആഘോഷിക്കുന്നതെന്ന്?

7. കരിമ്പുഴ വന്യജീവി സങ്കേതം സ്ഥിതി ചെയ്യുന്ന സംസ്ഥാനം?

8. ഭൂകമ്പം നടന്ന മ്യാൻമറിൽ സഹായം എത്തിക്കാനുള്ള ഇന്ത്യയുടെ ദൗത്യത്തിന് നൽകിയ പേര്?

9. ഗാർഹിക ജലദൗർലഭ്യം ഏറ്റവും കുറഞ്ഞ ജില്ലയായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ പ്രഖ്യാപിച്ചത് ഏത് ജില്ലയെ?

10. ചൈനയുടെ ഉടമസ്ഥതയിലുള്ള ടിയാങ്-ഗോങ് ബഹിരാകാശ നിലയത്തിലേക്ക് ഏത് രാജ്യത്തു നിന്നുള്ള സഞ്ചാരിയെ അയക്കാനുള്ള കരാറാണ് അടുത്തിടെ ഒപ്പുവെക്കപ്പെട്ടത്?

11. ഡൽഹി നിയമസഭ











1. വിനോദ് കുമാർ ശുക്ല, 2. അതിഷി, 3. മനുഭാക്കർ, 4. എൻ. എസ്. കെ ഉമേഷ്

യിലെ പ്രതിപക്ഷ നേതാവായി തിരഞ്ഞെടുക്കപ്പെട്ട മുൻ മുഖ്യമന്ത്രി?

12. രാജ്യത്ത് ആദ്യമായി ബയോബാങ്ക് നിലവിൽ വന്ന മൃഗശാല ഏത്?

13. ഈ വർഷത്തെ ഏറ്റവും മികച്ച പുതിയ കറൻസി നോട്ടിനുള്ള പുരസ്കാരം നേടിയത്?

14. അടുത്തിടെ ഇന്ത്യയുടെ യൂട്യൂബ് തലസ്ഥാനം എന്ന പേരിൽ വാർത്താ പ്രാധാന്യം നേടിയ ഛത്തീസ്ഗഢിലെ ഗ്രാമം?

15. ഇലോൺ മസ്കിന്റെ എക്സ് എ.ഐ പുതുതായി പുറത്തിറക്കുന്ന ചാറ്റ് ബോട്ട്?

16. ബിബിസിയുടെ സ്പോർട്സ് വുമൺ ഓഫ് ദ ഇയർ 2024 ആയി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി?

17. 2025ലെ മികച്ച ജില്ലാ കലക്ടർക്കുള്ള സംസ്ഥാന റവന്യൂ അവാർഡ് നേടിയതാര്?

18. 2025 മേയിൽ പ്രവർത്തനം അവസാനിപ്പിക്കുന്ന മൈക്രോസോഫ്റ്റിന്റെ ലോകത്തിലെ തന്നെ ആദ്യ വീഡിയോ കോൺഫറൻസിംഗ് സോഫ്റ്റ്‌വെയർ?

19. 2025 ഫെബ്രുവരി രണ്ടിന് ചന്ദ്രനിൽ ഇറങ്ങിയ അമേരിക്കൻ സ്വകാര്യ കമ്പനി ഫയർഫ്ളൈ എയറോസ്പേസ് പേടകം?

20. രാജ്യത്തെ ആദ്യ സംസ്ഥാന പി.എസ്.സി മ്യൂസിയം ഉദ്ഘാടനം ചെയ്തത് എവിടെ?

**ഉത്തരങ്ങൾ**

1. വിനോദ് കുമാർ ശുക്ല, 2. മേഘാലയ, 3. പുഷ്പക്, 4. ഡ്രാഗൺ ക്യാപ്സൂൾ, 5. ഡൽഹി, 6. മാർച്ച് 23, 7. കേരളം, 8. ഓപ്പറേഷൻ ബ്രഹ്മ, 9. കോട്ടയം, 10. പാക്കിസ്ഥാൻ, 11. അതിഷി, 12. ഡാർജിലിങ്, 13. യുഎഇ സെൻട്രൽ ബാങ്ക് പുറത്തിറക്കിയ 500 ദിർഹം നോട്ട്, 14. തുൾസി, 15. ഗ്രോക്ക് - 3, 16. മനുഭാക്കർ, 17. എൻ.എസ്.കെ ഉമേഷ് (എറണാകുളം), 18. സ്കൈപ്പ്, 19. ബ്ലൂ ഗോസ്റ്റ്, 20. പട്ടം (തിരുവനന്തപുരം)


മിസ്റ്റർ
മണ്ടപ്പൻ
മച്ചൂ, വല്ലാത്ത ദാഹം. ഇത്തിരി വെള്ളം കിട്ടുമോ?
ഞാനും ഇവിടെ തൊണ്ട വരണ്ടിരിക്കുകയാണ് അണ്ണേ.
അണ്ണേ, ഇതു കണ്ടോ. ടാപ്പിനുള്ളിൽ നിന്ന് ആരോ മുക്രയിടുന്നു.
ങേ!
മോട്ടോർ വർക്ക് ചെയ്യുന്നുണ്ടല്ലോ.
വാട്ട് ഹാപ്പൻഡ്?
നോക്ക് മച്ചൂ, കിണറ്റിൽ ഒരു തുള്ളി വെള്ളമില്ല.
വെള്ളമില്ലാ കിണറ്റിൽ നിന്ന് കാറ്റല്ലാതെന്തു കിട്ടാനാണ് അണ്ണേ?



വണ്ടിയെട് മച്ചൂ. ടൗ ണിൽ പോയി ഒന്നു രണ്ട് വാട്ടർബോ ട്ടിൽ വാങ്ങാം.
ഒ.കെ ബോസ്.
ചൂട് അപാരമാ ണല്ലോ മച്ചൂ.
റിയലി അൺ സഹിക്കബിൾ!
മച്ചൂ, ദേ അവി ടെ ഒരു പെട്ടി ക്കട. ഒന്നു നിർത്തണേ.
വെള്ളം വെള്ളം സർവത്ര, തുള്ളി കുടിക്കാനില്ല ത്രെ!
ചേട്ടാ, രണ്ടു വാ ട്ടർ ബോട്ടിൽ വേണം.
റിയലി സോറി അ ഷന്മാരേ, സ്റ്റോ ക്ക് തീർന്നിട്ട് ഒ രാഴ്ചയായി.
മൈ ഗോഡ്! ഇനി എന്തു ചെയ്യും മച്ചൂ?
ഇവിടെ കിടന്നു മരിക്കാനാവും നമ്മുടെ വിധി.



വല്ല ഡെലിവറി ആ
പ്പിലും തിരഞ്ഞു
നോക്ക്മച്ചൂ.
നോക്കാം.
ജസ്റ്റ് വെയ്റ്റ്!
ഇത് നോക്കണ്ണേ,
കുറുക്കൻ മലയിൽ
തീപിടുത്തം!
ബിഗ് ബ്രേക്കിംഗ്!
കുറുക്കൻ മലയിൽ
തീപിടുത്തം.
ഈയാഴ്ചയിലെ നാ
ലാമത്തെ തീപിടു
ത്തമാണിത്.
തീപിടുത്തത്തിനു പി
ന്നിൽ സാമൂഹ്യദ്രോഹി
കളെന്ന് പോലീസ്.
ദേ ഫയർഫോഴ്സ്
പോകുന്നു.
വാ അണ്ണേ, പിറ
കെ പോയി നോ
ക്കാം.
തീ അണക്കാനുള്ള
വെള്ളമെങ്കിലും കിട്ടു
മായിരിക്കും അല്ലേ?
നമ്മുടെ വയറ്റിലെ
തീ കാണാൻ ആ
രുമില്ലല്ലോ.


ചതിച്ചു അണ്ണേ! വണ്ടിയിലെ വെള്ള വും തീർന്നു.
മൈ ഗോഡ്! നട ക്കുന്നതിനെക്കുറി ച്ച് ആലോചിക്കാ നേ വയ്യ.
വാ മച്ചൂ. ആ മരത്ത ണലിൽ കുറച്ചുനേ രം വിശ്രമിക്കാം.
മിക്കവാറും ഇത് അന്ത്യവിശ്ര മമാകും.
ക്ഷമയോടെ കാത്തി രിക്കാം മച്ചൂ. എ ന്തെങ്കിലും പിടിവ ള്ളി കിട്ടാതിരിക്കില്ല.
തൽസമയം സമീപത്തെ കുറ്റിക്കാട്ടിൽ,
ഒരു ബീഡിക്കുറ്റി മതി എല്ലാവർ ക്കും മുട്ടൻ പണി കൊടുക്കാൻ.
ഹഹഹ! ഫയർഫോഴ്സും ഏ മാന്മാരും കുറച്ചു വിയർക്കട്ടെ.



എന്താണണ്ണേ, ആ കുട്ടിക്കാട്ടിൽ ഒരു അനക്കം?
ശ്ശ്! ഒരു കോളിനുള്ള വകയുണ്ട്.
എന്തു കോള്? മനസ്സിലായില്ല?
നമ്മുടെ ലിസ്റ്റിൽ അടുത്ത ലക്ഷ്യം കടുവക്കുന്നാണ്.
അതെ! മിക്കവാറും നാളെ ഫയർ ടീമിന്റെ വെള്ളം തീരും.
ജസ്റ്റ് ഫോർ എൻജോയ്മെന്റ്!
ഹ ഹ! സബാഷ്!
ശ്ശ്! ചെന്നായനും തല്ലിപ്പൊളിയും ഒപ്പിക്കുന്ന വേലകളാണ് ഈ തീപിടുത്തമെല്ലാം.
ഹതു ശരി. അപ്പോൾ പ്ലാൻ ചെയ്തുള്ള പരിപാടിയാണല്ലേ?
ഏമാന്മാരെ വിളിക്കണ്ണേ.


ഏമാൻമാർ സ്ഥലത്ത്,
എങ്ങനെ സാധിക്കുന്നു അപ്പന്മാരേ?
ജസ്റ്റ് ഫോർ എൻജോയ്മെന്റ്!
ഇതിനു നിങ്ങൾക്ക് എന്തു പാരിതോഷികം വേണം?
ഒരു കുപ്പി പെട്രോളും രണ്ടു കുപ്പി വെള്ളവും തന്നാൽ ഞങ്ങൾ ഹാപ്പി!
ദാ, ഇതു പിടി.
വളരെ ഉപകാരം!
ഏമാൻമാരേ, ഒരു ബോട്ടിൽ വെള്ളം ഞങ്ങൾക്കും കിട്ടിയാൽ കൊള്ളാമായിരുന്നു.
ജീപ്പിൽ കയറിക്കോളൂ നിങ്ങൾക്കുള്ളത് സ്റ്റേഷനിൽ വച്ച് തരാം.

നോവൽ – 19

**മുജ്തബ നസ്വീഫ്**

# കത്തെഴുതാനെന്തെളുപ്പം

## അബൂട്ടി

ദർസ് വിട്ട്, ഇശാഅ് നിസ്കാരവും ഹദ്ദാദും കഴിഞ്ഞ് അബൂട്ടി പള്ളിയിൽ നിന്നു പുറത്തേക്കിറങ്ങി. പോസ്റ്റുമാനുണ്ട് പള്ളി വരാന്തയിലിരിക്കുന്നു. തന്നെ കാത്തിരിക്കുകയാണോ, അതോ കത്തിന്റെ കാര്യമൊക്കെ അയാൾ മറന്നിട്ടുണ്ടാവുമോ?

അമീനോടൊപ്പം അങ്ങോട്ടു നീങ്ങി. കണ്ട പാടെ അയാൾ ചോദിച്ചു: 'നീയായിരുന്നില്ലേ ഇന്നലെ കത്തെഴുതുന്നതിനെക്കുറിച്ച് ചോദിച്ചത്?'

ഹാവൂ, അയാൾ മറന്നിട്ടില്ല. ചിരിച്ചുകൊണ്ട് അടുത്തുചെന്നപ്പോൾ അയാൾ രണ്ടുതരം കത്തുകൾ കാണിച്ചു പറഞ്ഞു: 'ഇതാ, ഇതൊരു കവറാണ്. ഒരു കടലാസിൽ കത്തെഴുതി മടക്കി ഇതിലിട്ട് ഒട്ടിച്ച് അഡ്രസ്സെഴുതി പോസ്റ്റ്ബോക്സിലിട്ടാൽ മതി.'

മറ്റൊരു കടലാസ് കാണിച്ച് അയാൾ തുടർന്നു: 'ഇതിന് ഇൻലന്റ് എന്നാണു പറയുക. ഈ പേപ്പറിന്റെ ഉൾഭാഗത്ത് കത്തെഴുതിയാൽ മതി. എന്നിട്ട് ഇങ്ങനെ മടക്കി പുറത്ത് അഡ്രസ്സെഴുതി പോസ്റ്റ് ബോക്സിലിട്ടാലും മതി. ഇതിൽ നിനക്കേതാണു വേണ്ടത്?'

രണ്ടും കാണിച്ച് അയാൾ ചോദിച്ചു. അപ്പോൾ അമീൻ പറഞ്ഞു: 'അബൂട്ട്യേ, ഇൻലന്റ് വാങ്ങിയാ മതി. കത്ത് അതിൽ തന്നെ എഴുതാമല്ലോ.'

അത് ശരിയാണ്. കവർ വാങ്ങിയാൽ പിന്നെയൊരു കട ലാസ് വാങ്ങണം. ഇൻലാന്റാണെ ങ്കിൽ അതിൽ തന്നെ എഴുതാമ ല്ലോ. അബൂട്ടി ഇൻലന്റെടുത്ത് പറഞ്ഞു: ‘ഇതു മതി. ഇതിനെത്ര പൈസാ?’



അയാൾ ചിരിച്ചു കൊണ്ട് പറഞ്ഞു: 'പൈസ പിന്നെ തന്നാ മതി. ഇപ്പോ മോൻ ഉമ്മാക്കൊരു കത്തെഴുത്.'

മുമ്പെങ്ങോ ഉമ്മ തന്ന ചില്ലറപ്പൈസകൾ കരുതിവച്ചത് കയ്യിലെടുത്തിരുന്നു. അബൂട്ടി അത് നീട്ടിയെങ്കിലും അയാളതു വാങ്ങാതെ 'കയ്യിൽ വച്ചോ' എന്നു പറഞ്ഞ് പടിയിറങ്ങി. അപ്പോഴാണ് ഒരു സംശയം; കത്തെഴുതിയാൽ പോസ്റ്റ് ബോക്സിലിടണം എന്ന് പറഞ്ഞിരുന്നല്ലോ. എവിടെയാണ് പോസ്റ്റ്ബോക്സ്?

അമീനോട് ചോദിച്ചപ്പോൾ അവൻ പറഞ്ഞു: 'എടോ മണ്ടാ, നീയിതുവരെ പോസ്റ്റ്ബോക്സ് കണ്ടിട്ടില്ലല്ലേ? നമ്മള് പോകുന്ന വഴിക്ക് ആ പീടികക്കോലായിലെ തൂണില് ചുവന്ന നിറത്തിൽ തൊപ്പിയിട്ട ഒരു നീണ്ട പെട്ടി കണ്ടിട്ടില്ലേ? അതാണ് പോസ്റ്റ്ബോക്സ്.'

അതുകേട്ട് അബൂട്ടി നാണിച്ചുപോയി. അതെന്നും കാണാറുണ്ടെങ്കിലും ഇതുവരെ ആരോടും ചോദിച്ചറിഞ്ഞിരുന്നില്ലല്ലോ. അവനു പിന്നെ ഒന്നും പറയാൻ തോന്നിയില്ല. തലകുനിച്ച് അമീനോടൊപ്പം അതിവേഗം നടന്നു. കൂട്ടുകാരൊക്കെ ഏറെ മുമ്പിലെത്തിക്കഴിഞ്ഞിട്ടുണ്ട്. ഒറ്റയ്ക്കായാൽ ഇരുട്ടിൽ പേടിയാകുമല്ലോ.

വീട്ടിലെത്തിയ പാടെ അബൂട്ടി അടുക്കളയിൽ ചെന്നു നോക്കി. മാമി ഭക്ഷണമുണ്ടാക്കുന്ന തിരക്കിലാണ്. അവരുടെ മക്കൾ ഭക്ഷണം കഴിച്ചിട്ടില്ലെന്നു തോന്നുന്നു; മേശമേൽ പാത്രങ്ങളൊന്നും കാണുന്നില്ല. മെല്ലെ പിൻവലിയാൻ ഒരുങ്ങിയതാണ്. അപ്പോൾ അവർ രൂക്ഷമായൊന്നു നോക്കി പറഞ്ഞു: 'തിന്നാനുള്ളതൊന്നും ആയിട്ടില്ല. ഉച്ചയ്ക്കത്തേതു മതിയെങ്കിൽ അതാ അവിടെയുണ്ട്.'

അബൂട്ടി പ്ലേറ്റെടുത്തു കഴുകി തണുത്ത ചോറും കറിയും വിളമ്പി കഴിച്ചു. അതിലവന് സങ്കടമൊന്നും തോന്നിയില്ല. ബാക്കിയുള്ള ഭക്ഷണമല്ലേ കഴിച്ചത്. തനിക്കല്ലെങ്കിൽ ആടുകൾക്ക് സാധാരണ കിട്ടുന്നതാണത്. വിശപ്പാറാനുള്ളതു മാത്രം കഴിച്ചു പാത്രം കഴുകിവെച്ചപ്പോൾ മാമി പറഞ്ഞു: 'അതിൽ ബാക്കിയുള്ളത്

ആടുകൾക്കു വച്ച വെള്ളത്തിൽ തട്ടി പൊയ്ക്കോ.’

മാമി നൽകിയ പണികളെല്ലാം ചെയ്ത് അവൻ മുറിയിലേക്കോടി. കത്തെഴുതണമല്ലോ. പഴയൊരു പെന്നുണ്ട്. അതെടുത്ത് എഴുതിനോക്കി. എഴുത്ത് പിടിക്കുന്നില്ല. ഇനി പെൻസിൽ തന്നെ ശരണം. അതിനും മുനയില്ല. കൂർപ്പിക്കണമെങ്കിൽ അടുക്കളയിൽ ചെന്ന് കത്തിയെടുക്കണം. വീണ്ടും അടുക്കളയിൽ ചെന്നാൽ മാമി വേറെ വല്ല ജോലിയും തന്നാലോ! അവൻ പെൻസിലിന്റെ കൂർപ്പ് പല്ലുകൊണ്ട് കടിച്ച് ശരിപ്പെടുത്തി എഴുതാനിരുന്നു.



‘ഉമ്മ അറിയാൻ അബൂട്ടി എഴുതുന്നത്, എനിക്ക് സുഖമാണ്. ഇവിടെ എല്ലാവർക്കും സുഖം തന്നെ. അവിടെ ഉമ്മാക്കും കുഞ്ഞുമോൾക്കും സുഖമല്ലേ? ഉമ്മാ, ഉമ്മ എത്രകാലമായി അബൂട്ടിയെ കാണാൻ വന്നിട്ട്! ഈ അബൂട്ടിയെ മറന്നുപോയോ? നമ്മുടെ ഉപ്പ പോയേപ്പിന്നെ ഈ അബൂട്ടിക്ക് ഒരു സന്തോഷവും ഇല്ലാട്ടോ.’

എഴുതിനിറുത്തി അബൂട്ടി ഒന്നു വായിച്ചുനോക്കി. തെറ്റൊന്നും വന്നിട്ടില്ല. അപ്പോൾ ഈ അബൂട്ടിക്ക് കത്തെഴുതാനൊക്കെ അറിയാമല്ലേ! അവൻ സ്വയം അഭിമാനംകൊണ്ടു. ചുണ്ടിൽ ഒരു ചിരി വിടർന്നു.

ഇനിയും കുറെ കാര്യങ്ങൾ എഴുതാനുണ്ടല്ലോ. അതിനെല്ലാം ഈ കടലാ

സിൽ സ്ഥലമുണ്ടാകുമോ? ഇപ്പോൾ തന്നെ പകുതിഭാഗം നിറഞ്ഞു കഴിഞ്ഞു ഇനി വളരെ ചെറുതാക്കിയെഴുതണം. അവൻ വീണ്ടും എഴുതിത്തുടങ്ങി:

'ഉമ്മാ, ഉമ്മ എന്നാണ് വരിക? ഉമ്മയുടെ അബൂട്ടി വല്യ ആളായിട്ടോ. ഞാനിപ്പോ സ്കൂളിലൊന്നും പോകാറില്ല ട്ടോ. പകല് മുഴുവൻ ആടുകളെ മേച്ചു നടക്കും. രാത്രിയിൽ ദർസിൽ പോകും. ദർസിലെ വല്യുസ്താദും മദ്റസയിലെ ഉസ്താദുമാരുമൊക്കെ അബൂട്ടിനെ നല്ലോണം നോക്കുന്നുണ്ട്. അബൂട്ടിക്കിപ്പോൾ പുതിയ ഷർട്ടും പാന്റ്സുമൊക്കെയുണ്ടല്ലോ. ഉമ്മാക്ക് കാണണ്ടേ? ഉമ്മ ഒന്നിങ്ങോട്ട് വരണം. ഇനിയൊന്നും എഴുതാൻ ഈ കത്തിൽ സ്ഥലമില്ല. ഉമ്മ മറുപടി അയക്കുമോ? അബൂട്ടി കാത്തിരിക്കാണ്. ഉമ്മാ, ഉമ്മ വേഗം വരണം. അല്ലെങ്കിൽ വേഗം മറുപടി അയക്കണം.

എന്ന് ഉമ്മയുടെ സ്വന്തം അബൂട്ടി മോൻ.'

ഉമ്മയുടെ കത്തിൽ കണ്ട അഡ്രസ്സെടുത്ത് ഇൻലന്റിന്റെ പുറത്ത് വരയിട്ട ഭാഗത്ത് ഓരോ അക്ഷരവും വളരെ ശ്രദ്ധിച്ചെഴുതി. അഡ്രസ്സ് തെറ്റിയാൽ കത്ത് കിട്ടില്ലെന്ന് പോസ്റ്റുമാൻ പറഞ്ഞിട്ടുണ്ടല്ലോ. എഴുതിയ കത്ത് ഒന്നുകൂടി വായിച്ചുനോക്കി. പിന്നെ അയാൾ പറഞ്ഞപോലെ ഇൻലന്റ് മടക്കി തുപ്പുനീര് തൊട്ട് പശയുള്ളിടത്ത് തേച്ച് ഒട്ടിച്ചു. അപ്പോൾ നല്ല സന്തോഷം തോന്നി. ഉമ്മയെ സ്വപ്നത്തിൽ കണ്ടതിനെക്കാളും സന്തോഷം. അബൂട്ടി ഉമ്മക്കൊരു കത്തെഴുതിയല്ലോ. ഇത്ര എളുപ്പത്തിൽ കത്തെഴുതാമെന്ന് വിചാരിച്ചതല്ല. എല്ലാം എത്രയെളുപ്പത്തിൽ കഴിഞ്ഞു. ഇനിയിത് പോസ്റ്റ് ബോക്സിൽ കൊണ്ടുചെന്നിടണമല്ലോ.

രാവിലെത്തന്നെ അത് ചെയ്യണം, ആടുകളെയുമായി പുറപ്പെടുന്നതിനു മുന്നേ!

അവൻ സന്തോഷത്തോടെ കിടക്കപ്പായിലേക്ക് ചാഞ്ഞു. പെട്ടെന്നു തന്നെ ഉറക്കത്തിലാണ്ടു. (തുടരും)

## സ്നേഹക്കടൽ ഉമ്മ




ഏതൊരു വ്യക്തിയുടെയും ഹൃദയത്തിന്റെ അടിത്തട്ടിൽ മാതാവിന് വലിയ സ്ഥാനമുണ്ട്. ഉമ്മയുടെ തലോടൽ എന്നും കുളിർമയാണ്. ഉമ്മയോടും ഉപ്പയോടുമുള്ള സ്നേഹം ജീവിതത്തെ മനോഹരമാക്കുന്നു. മാതാവിനോളം സ്നേഹവും സഹനവുമുള്ളവർ മറ്റാരുമില്ല. ഉമ്മയാണല്ലോ നമ്മുടെ ആദ്യ പാഠശാല. 'ഉമ്മയുടെ കാലടിച്ചോട്ടിലാണ് സ്വർഗം' എന്ന മഹദ്വചനം നമ്മൾ മറന്നു പോകരുത്. മക്കൾക്കു വേണ്ടി ജീവിതം സമർപ്പിച്ച സ്നേഹക്കടലാണ് നമ്മുടെ പൊന്നുമ്മ. ഉമ്മ എന്നു കേൾക്കുമ്പോൾ തന്നെ മനസ്സിന് വല്ലാത്തൊരു ആശ്വാസമാണ്. ഞങ്ങളുടെ മാതാപിതാക്കൾക്ക് നീ ദീർഘായുസ്സ് നൽകണേ നാഥാ..!



*ഫാത്തിമ റാഹില,*
*മർകസുൽഅബ്റാർ സുന്നി മദ്റസ,*
*മണ്ണാർക്കാട്*

## മുത്തുമഴ

മഴ മഴ മഴ മഴ മുത്തുമഴ
ചറപറ ചറപറ പെയ്യട്ടെ
മഴയുണ്ടായാൽ കുടയില്ല
കുടയുണ്ടായാൽ മഴയില്ല
വീഴട്ടങ്ങനെ വീഴട്ടെ
പെയ്യട്ടങ്ങനെ പെയ്യട്ടെ
മാനത്തുന്നൊരു മുത്തുമഴ



*അഹ്മ്മദ് സജ്ജാദ് കെ. വി, ക്ലാസ് 4, ഹിദായത്തുൽ ഇസ്‌ലാം സുന്നി മദ്റസ, വെള്ളിക്കീൽ*

## എന്റെ വഴികാട്ടി

എനിക്ക് ഉമ്മയെ വളരെയധികം ഇഷ്ടമാണ്. എന്നാൽ, എനിക്ക് ഉമ്മയോടുള്ളതിനെക്കാൾ എത്രയോ ഇരട്ടി സ്നേഹം ഉമ്മാക്ക് എന്നോടുണ്ട്. ഒരിക്കലും ആ സ്നേഹത്തിന് പകരം നൽകാനാവില്ല. എല്ലാ നല്ല കാര്യങ്ങൾക്കും ഉമ്മയെന്നെ സഹായിക്കാറുണ്ട്. എന്നിൽ നിന്നുണ്ടാവുന്ന തെറ്റുകൾ സ്നേഹപൂർവ്വം ഉപദേശിച്ചു തിരുത്താനും എന്നെ നേർവഴിയിലേക്ക് നടത്താനും ഉമ്മ എപ്പോഴും കൂടെയുണ്ടാവും. ഉമ്മയില്ലാത്ത വീടിനെക്കുറിച്ച് സങ്കൽപ്പിക്കാൻ പോലുമാവുന്നില്ല. വീട്ടുജോലികളിലെല്ലാം ഞാൻ ഉമ്മയെ സഹായിക്കാറുണ്ട്.

***അമൻ മുഹമ്മദ് പി.കെ, സ്വിറാത്തുൽ മുസ്തഖീം മദ്റസ, കരുവമ്പൊയിൽ.***

## ഉമ്മയുടെ വില

ഓരോരുത്തരുടെയും ജീവിതത്തിൽ ഏറെ സ്വാധീനിക്കുന്ന വ്യക്തിയാണ് ഉമ്മ. പകരമില്ലാത്ത സ്നേഹമാണ് ഉമ്മയുടേത്. ഉമ്മയുടെ സ്നേഹ വാത്സല്യങ്ങൾക്കു മുമ്പിൽ നമ്മൾ തോറ്റുപോകും. ഒന്നുരണ്ടു ദിവസം ഉമ്മയെ പിരിഞ്ഞു നിൽക്കേണ്ടി വന്നപ്പോഴാണെനിക്ക് ആ സ്നേഹത്തണലിന്റെ മൂല്യം മനസ്സിലായത്. എന്റെ ഉമ്മാക്ക് നീ ആയുസ്സും ആരോഗ്യവും നൽകണേ അല്ലാഹ്.

***ഹിബ ഫാത്തിമ, ഹിദായത്തുൽ അനാം മദ്റസ, തെക്കേപ്പുറം, കാഞ്ഞങ്ങാട്.***

## ഉമ്മയെന്ന വാക്ക്

ഉമ്മയുടെ സ്നേഹം, ഉമ്മ പറഞ്ഞ കഥകൾ, താരാട്ടുപാട്ടുകൾ, പുഞ്ചിരിക്കുന്ന ഉമ്മയുടെ മുഖം... ഉമ്മ എന്ന വാക്കു പറയുമ്പോൾ എന്തെല്ലാം ഓർമ്മകളാണ് മനസ്സിലേക്ക് ഓടിയെത്തുന്നത്! പത്തു മാസത്തോളം എന്നെ ഗർഭം ചുമന്ന്, വലിയ വേദന സഹിച്ച് പ്രസവിച്ച്, പാലൂട്ടി വളർത്തി, എന്നെ സൽവഴിയിൽ കൈ പിടിച്ചു നയിച്ച ഉമ്മയാണ് എന്നും എന്റെ ഹീറോ!

***മുഹമ്മദ് റഫീദ്, മദ്റസതുൽ ബദ്‌രിയ, ചിറ്റേത്തുകര.***

# കത്തുകൾ

എന്റെ പ്രിയ കുസുമമേ,

എനിക്കിപ്പോൾ ഏറ്റവും ഇഷ്ടമുള്ള ബാലമാസികയാണ് നീ. എനിക്ക് നീ ഒരു പാട് അറിവുകൾ സമ്മാനിക്കുന്നു. പൊതു വിജ്ഞാനം വർദ്ധിപ്പിക്കാൻ നീ നൽകുന്ന ക്വിസ് വളരെ സഹായകമാണ്. മദ്റസ പൊതുപരീക്ഷയിൽ നല്ല മാർക്കോടെ എനിക്ക് വിജയിക്കാൻ കഴിഞ്ഞു. എന്റെ മദ്റസയിലും സ്കൂളിലുമെല്ലാം നിനക്ക് വായനക്കാരുണ്ട് കേട്ടോ. എനിക്കൊപ്പം എന്റെ ഉമ്മൂമ്മയും നിന്നെ വായിക്കാറുണ്ട്. ഞങ്ങൾ പരസ്പരം നിന്റെ കഥകളെക്കുറിച്ചും കവിതകളെക്കുറിച്ചുമുള്ള അഭിപ്രായങ്ങൾ പങ്കുവെക്കും. അപ്പോൾ കൂടുതൽ കാര്യങ്ങൾ മനസ്സിലാകും. ഇനിയും വരണേ.

കാത്തിരിപ്പോടെ,

**ഫിസാൻ മുഹമ്മദ് എം, ക്ലാസ് 7,**
**ഇശാഅത്തുൽ ഇസ്‌ലാം മദ്റസ**
**കോട്ടപ്പടി മലപ്പുറം**

പ്രിയപ്പെട്ട ബാലകുസുമത്തിന്,

നിന്നെ ഓരോ തവണ കയ്യിൽ കിട്ടുമ്പോഴും ഞാൻ വളരെ ഉത്സാഹത്തോടെയാണ് വായിക്കാറ്. അബൂട്ടിയുടെ സങ്കടക്കഥയാണ് ആദ്യം വായിക്കുക. മഹാന്മാരുടെ കഥകളും ചിത്രകഥകളുമെല്ലാം ഞാൻ വായിക്കാറുണ്ട്. കുസുമത്തിലെ ആക്ടിവിറ്റികൾ എല്ലാം വേഗം ചെയ്തുതീർക്കും. മനോഹരമായ പുതിയ കഥകളുമായി ഇനിയും വരുമെന്ന പ്രതീക്ഷയോടെ,

**ഫാത്തിമ ഫിദ, ക്ലാസ് 6**
**തഅ്‌ലീമുസ്സിബിയാൻ സുന്നി മദ്റസ, കുന്നത്ത്**

പ്രിയപ്പെട്ട ബാലകുസുമത്തിന്,

നിന്നെ എനിക്ക് നല്ല ഇഷ്ടമാണ്. മിസ്റ്റർ മണ്ടപ്പനും ഹോജയുമാണ് എന്റെ ഇഷ്ടകഥാപാത്രങ്ങൾ. അബൂട്ടിയുടെ സങ്കടക്കഥ വായിക്കുമ്പോൾ കണ്ണുകൾ നിറയും. കറന്റ്അഫേഴ്സ് വളരെയധികം ഉപകാരപ്രദമാണ്. ക്വിസിൽ നിന്ന് പൊതുവിജ്ഞാനങ്ങൾ ശേഖരിച്ച് ഞാനിന്ന് മദ്സയിൽ ക്വിസ് മാസ്റ്ററാണ്. സമസ്തചരിത്രത്തിൽ നിന്ന് നിരവധി മഹാന്മാരെക്കുറിച്ച് പഠിക്കാൻ കഴിഞ്ഞു. പുതിയ വിഭവങ്ങളുമായി ഇനിയും വരുമെന്ന പ്രതീക്ഷയോടെ,

**മുഹമ്മദ് സ്വബാഹ് പി, ക്ലാസ് 7,**
**മർകസ് റൈഹാൻവാലി, കാരന്തൂർ**



മനാസിർ പടല

# നിസാമുദ്ദീൻ ഔലിയ(റ)

**ക്രി.** 1238ൽ ഉത്തർപ്രദേശിലെ സോദ്നദിയുടെ തീരത്തുള്ള ഒരു ഗ്രാമത്തിലാണ് ഹസ്റത്ത് നിസാമുദ്ദീൻ ഔലിയ(റ) ജനിച്ചത്. മുഹമ്മദുബ്നു അഹ്മദുബ്നു ദാനിയൽ അൽബുഖാരി എന്നാണ് പൂർണ്ണനാമം. മഹാന്റെ ചെറുപ്പത്തിൽ തന്നെ പിതാവ് മരണപ്പെട്ടു. മാതാവിന്റെ ശിക്ഷണത്തിലാണ് പിന്നീട് വളർന്നത്.

മഖാമതെ ഹരീരി എന്ന പ്രസിദ്ധ സാഹിത്യഗ്രന്ഥത്തിലെ 40 അധ്യായങ്ങൾ നിസാമുദ്ദീൻ ഔലിയ(റ) ചുരുങ്ങിയ കാലയളവിൽ മനപ്പാഠമാക്കി. ആത്മീയപുരോഗതിക്ക് സഹായകമല്ലാത്ത ഈ ഗ്രന്ഥം ഹൃദിസ്ഥമാക്കിയത് അപരാധമായി കണ്ട മഹാൻ പ്രതിവിധിയായി മശായിഖുൽ അൻവാർ എന്ന ഹദീസ് ഗ്രന്ഥം പൂർണമായി മനപ്പാഠമാക്കി. അലാവുദ്ദീൻ ഉസൂലി, ഖാജാ അലി, അബൂബക്കർ ഖവാലി, ശംസുദ്ദീൻ ഖവാറസ്മി, ശൈഖ് കമാലുദ്ദീൻ സാഹിദ് തുടങ്ങിയവർ ഔലിയയുടെ ഗുരുനാഥന്മാരാണ്.

ഭരണാധികാരിക്കു കീഴിൽ മതവകുപ്പിൽ ജോലി ചെയ്യുന്ന പണ്ഡിതന്മാർക്ക് വലിയ ശമ്പളമുണ്ടായിരുന്നു. ഈ തസ്തികയിലേക്ക് മഹാന് ക്ഷണം ലഭിച്ചെങ്കിലും അത് നിരാകരിച്ചു. ആത്മീയമായ ആനന്ദ

മായിരുന്നു മഹാന്റെ ലക്ഷ്യം. പ്രസിദ്ധ സൂഫിവര്യനായ ബാബാഫരീദിന്റെ സന്നിധിയിലെത്തിയ മഹാനവർകൾ ഇരുപത്തിയൊന്നാം വയസ്സിൽ അദ്ദേഹത്തിന്റെ മുരീദായി ബൈഅത്ത് ചെയ്തു. വർഷങ്ങളോളം ശൈഖിന്റെ പർണശാലയിൽ കഴിഞ്ഞു.

ഒരു വെള്ളിയാഴ്ച ജുമുഅ നിസ്കാരത്തിനു ശേഷം നിസാമുദ്ദീൻ(റ)വിനെ വിളിച്ചു ഗുരു പറഞ്ഞു: 'നിസാമുദ്ദീൻ, നിങ്ങൾ വിശുദ്ധഖുർആൻ ഹൃദിസ്ഥമാക്കണം. അല്ലാഹു താങ്കൾക്ക് ഇരുലോകത്തും നന്മ പ്രദാനം ചെയ്തിരിക്കുന്നു. അങ്ങ് ഡൽഹിയിൽ പോയി ഹിന്ദുസ്ഥാനിൽ പ്രകാശം പരത്തുക.' സാംസ്കാരികമായി അധഃപതിച്ച ഡൽഹിയിലെ ജനങ്ങളെ സമുദ്ധരിക്കുക എന്ന വലിയ ചുമതലയായിരുന്നു ഔലിയക്കുണ്ടായിരുന്നത്.

മഹാന്റെ ജീവിതകാലത്ത് ഏഴ് സുൽത്താന്മാർ ഡൽഹി ഭരിച്ചിട്ടുണ്ട്. എന്നാൽ, അവരെ സ്വാധീനിക്കാനോ അവരുടെ പ്രീതി നേടാനോ അദ്ദേഹം തയ്യാറായില്ല. മഹാനവർകളെക്കുറിച്ച് കേട്ടറിഞ്ഞ ജനങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഡൽഹിയിലേക്കൊഴുകി. സുൽത്താൻ അലാവുദ്ദീൻ ഖിൽജി ഔലിയയെ പർണ്ണശാലയിൽ ചെന്നു കാണാൻ തീരുമാനിച്ചു. ഔലിയയുടെ ജനസമ്മിതി രാഷ്ട്രീയലാഭങ്ങൾക്ക് വിനിയോഗിക്കുകയായിരുന്നു ലക്ഷ്യം. പക്ഷേ, സുൽത്താനെ മുഖം കാണിക്കാൻ നിസാമുദ്ദീൻ ഔലിയ(റ) തയ്യാറായില്ല.

അലാവുദ്ദീൻ ഖിൽജിയുടെ പിൻഗാമിയായി വന്നത് ഖുതുബുദ്ദീൻ മുബാറക്(റ) ആയിരുന്നു. നിസാമുദ്ദീൻ ഔലിയ(റ)വിന് ലഭി



ക്കുന്ന ജനസമ്മിതിയിൽ അസൂയ പൂണ്ട അദ്ദേഹം ഓരോ മാസത്തിന്റെയും ആദ്യദിവസം ഉദ്യോഗസ്ഥരും പണ്ഡിതരും പൗരപ്രധാനികളും തന്നെ സന്ദർശിച്ച് അഭിവാദനമർപ്പിക്കണമെന്ന് ഉത്തരവിട്ടു.

നിസാമുദ്ദീൻ ഔലിയ(റ) തനിക്കു പകരം സേവകൻ ഇഖ്ബാലിനെയാണ് അയച്ചത്. ഇത് സുൽത്താന് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ഔലിയയെ ഭീഷണിപ്പെടുത്തി. ആ ഭീഷണികൾക്കൊന്നും വഴങ്ങാതിരുന്നപ്പോൾ അദ്ദേഹം നിസാമുദ്ദീൻ ഔലിയ(റ)വിന് അന്ത്യശാസനം നൽകി. 'അടുത്ത തവണ വന്നില്ലെങ്കിൽ കഥ കഴിക്കുമെന്ന്.'

അടുത്ത മാസവും പതിവുപോലെ എല്ലാവരും ചെന്ന് സുൽത്താനെ മുഖം കാണിച്ചെങ്കിലും നിസാമുദ്ദീൻ ഔലിയ(റ) ചെന്നില്ല. 'നാളെത്തന്നെ അദ്ദേഹത്തെ പിടിച്ചു കൊണ്ടുവരണം.' മുബാറക് സൈന്യത്തോടാജ്ഞാപിച്ചു.

എന്നാൽ, അന്നു രാത്രി കുസുർഹാൻ എന്ന സേനാനായകൻ സുൽത്താൻ മുബാറകിനെ വകവരുത്തി അധികാരം തട്ടിയെടുത്തു.

സന്ദർശകരെ സ്നേഹത്തോടെ സ്വീകരിക്കാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും നിസാമുദ്ദീൻ ഔലിയ(റ) സമയം മാറ്റിവെച്ചിരുന്നു. മഹാനെ കാണാൻ വരുന്നവരിൽ പണ്ഡിതന്മാരും പാമരന്മാരും പണക്കാരും പാവങ്ങളുമെല്ലാമുണ്ടായിരുന്നു. എല്ലാവരും സന്തോഷത്തോടെയാണ് ആ സന്നിധിയിൽ നിന്ന് മടങ്ങിയിരുന്നത്.

ക്രി. 1325ൽ നിസാമുദ്ദീൻ ഔലിയ(റ) വിടപറഞ്ഞു. ഓൾഡ് ഡൽഹിയിലെ ഖിൽജി മസ്ജിദിന്റെ എതിർഭാഗത്തായാണ് നിസാമുദ്ദീൻ ഔലിയ(റ)വിന്റെ ദർഗ സ്ഥിതിചെയ്യുന്നത്.

## പരിഹസിക്കല്ലേ...

കളിയായാലും ആരെയും
കളിയാക്കല്ലേ ചങ്ങാതീ.
കഴിവും കുറവും എടുത്തുകാട്ടി
പരിഹസിക്കാൻ നിൽക്കല്ലേ.
സ്വന്തം ന്യൂനത കാണേണം
ഉൾക്കണ്ണതിനെന്നും വേണം.
നല്ലതു മാത്രം ചിന്തിക്കാം.
നന്മകൾ മാത്രം ചൊല്ലീടാം.

**പി.വി.എസ് പടിക്കൽ**

ശാസ്ത്രശാല

# സ്ട്രോയുടെ ബലം

പുഴുങ്ങിയ ഉരുളക്കിഴങ്ങ് ഉപയോഗിച്ചുള്ള ഒരു പരീക്ഷണമാണ് ഈ ലക്കത്തിൽ.

**ആവശ്യമായ വസ്തുക്കൾ:**
ഒരു പുഴുങ്ങിയ ഉരുളക്കിഴങ്ങ്, രണ്ട് സ്ട്രോകൾ.

**ചെയ്യേണ്ട വിധം:**

പുഴുങ്ങിയ ഉരുളക്കിഴങ്ങ് ഇടതു കൈ കൊണ്ട് പിടിക്കുക.

വലതു കൈയിൽ ഒരു സ്ട്രോ പിടിച്ച് അതിന്റെ മുകൾഭാഗം പെരുവിരൽ കൊണ്ട് പൊത്തിപ്പിടിക്കുക. ശേഷം സ്ട്രോ ഉരുളക്കിഴങ്ങിലേക്ക് കുത്തിയിറക്കുക. ഇങ്ങനെ ഒന്നുരണ്ടു തവണ ആവർത്തിച്ചു നോക്കൂ. സ്ട്രോയിൽ വല്ല മാറ്റവും കാണുന്നുണ്ടോ?

ഇനി മറ്റൊരു സ്ട്രോ എടുത്ത് മുകൾഭാഗം പൊത്തിപ്പിടിക്കാതെ ഉരുളക്കിഴങ്ങിലേക്ക് കുത്തിയിറക്കാൻ ശ്രമിക്കൂ. ഒന്നുരണ്ടു



പ്രാവശ്യം ഇങ്ങനെ ചെയ്യുമ്പോൾ സ്ട്രോയിൽ എന്തു മാറ്റമാണുണ്ടായത്?

**സംഭവിക്കുന്നത്:**

മുകൾഭാഗം പൊത്തിപ്പിടിച്ച് സ്ട്രോ ഉരുളക്കിഴങ്ങിൽ കുത്തിറക്കുമ്പോൾ അത് നേരെ താഴ്ന്നു പോകുന്നു. മുകൾഭാഗം പൊത്തിപ്പിടിക്കാതെ അമർത്തുമ്പോൾ സ്ട്രോ വളഞ്ഞു പോകുന്നു. സ്ട്രോയുടെ രണ്ടുഭാഗവും തുറന്നിരിക്കുമ്പോൾ അതിനുള്ളിലൂടെ വായു കടന്നുപോകുന്നു. എന്നാൽ, ഉരുളക്കിഴങ്ങിൽ അമർത്തിവെച്ച് മുകൾഭാഗം പൊത്തിപ്പിടിക്കുമ്പോൾ സ്ട്രോയുടെ ഉള്ളിലുള്ള വായുവിന് പുറത്തു കടക്കാൻ കഴിയുന്നില്ല. അതുകൊണ്ട് വായുവിന്റെ മർദ്ദം കാരണം സ്ട്രോ ബലമായി നിൽക്കുന്നു.


അബ്ദുൽഹകീം പാലത്തുങ്കര

# ഒറ്റപ്പെട്ടു നടക്കല്ലേ

**ചാ**ത്തോലം കാട്ടിൽ ഒരു കൂട്ടം മുയലുകൾ താമസിച്ചിരുന്നു. അവരുടെ നടപ്പും ഇരിപ്പുമെല്ലാം ഒരുമിച്ച് തന്നെയായിരുന്നു. കൂട്ടമായി മാത്രമേ അവർ തീറ്റ തേടിയിറങ്ങാറുള്ളൂ. കൂട്ടത്തിൽ മുതിർന്ന റാബി മുയലാണ് അവർക്ക് നിർദ്ദേശങ്ങൾ നൽകിയിരുന്നത്. അവരെല്ലാം റാബിയെ അനുസരിച്ചിരുന്നു.

ഒരു ദിവസം പ്രഭാതത്തിൽ റാബിയുടെ നേതൃത്വത്തിൽ അവർ തീറ്റ തേടിയിറങ്ങി. കുശലം പറഞ്ഞും കളിച്ചു രസിച്ചുമാണ് അവരുടെ യാത്ര. ഇടക്കിടെ റാബി മുയലിന്റെ നിർദ്ദേശങ്ങളുമുണ്ടാവും. കാട്ടിലെ ഊടുവഴിയിലൂടെ നടന്നുനടന്ന് അവർ ഒരു അരുവിയുടെ അരികിലെത്തി. അരുവിയിലൂടെ നീന്തിത്തുടിക്കുന്ന കുഞ്ഞുമത്സ്യങ്ങളെ കണ്ട് മുയൽക്കൂട്ടത്തിലെ കുസൃതിക്കാരനായ ചിങ്കുമുയലിനുമൊരു പൂതി; അരുവിയിലിറങ്ങി മത്സ്യങ്ങളെപ്പോലെ നീന്തി രസിക്കാൻ. ചിങ്കു റാബിയോട് തന്റെ ആഗ്രഹം പറഞ്ഞു: 'ചിങ്കുക്കുഞ്ഞേ, അരുവിയിലൊന്നും ചാടല്ലേ. നമ്മൾ മുയലുകൾക്ക് മത്സ്യങ്ങളെപ്പോലെ വെള്ളത്തിലൂടെ നീന്താൻ കഴിയില്ല. അരുവിയിലിറങ്ങിയാൽ നമ്മുടെ ജീവനാണ് നഷ്ടത്തിലാവുക.' റാബിയുടെ വാക്കുകൾ കേട്ട് ചിങ്കു നിരാശനായി.

അവർ കാട്ടുവിശേഷങ്ങൾ പറഞ്ഞ് ചാടിച്ചാടി



ഉല്ലസിച്ച് നടത്തം തുടർന്നു. അപ്പോഴതാ, ഒരു മരത്തിനു ചുവട്ടിൽ ധാരാളം ക്യാരറ്റുകൾ ചിതറിക്കിടക്കുന്നു. മുയൽക്കൂട്ടം അതിനടുത്തെത്തിയപ്പോൾ ഒരു നിമിഷം ആലോചിച്ച ശേഷം റാബി പറഞ്ഞു: 'കൂട്ടുകാരേ, അത് നമുക്ക് വേണ്ട. നമ്മെ പിടിക്കാനുള്ള കെണിയാണത്. അതിനടുത്തുപോകുന്നത് അപകടമാണ്.' മറ്റു മുയലുകൾ അതനുസരിച്ചു. അവർ നടത്തം തുടർന്നു.



അപ്പോൾ ചിങ്കു മുയൽ ചിന്തിച്ചു: 'അരുവിയിലിറങ്ങാനും സമ്മതിച്ചില്ല. ക്യാരറ്റുകൾ മുന്നിൽ കണ്ടിട്ടും എടുത്തതുമില്ല. മണ്ടൻ റാബിയെ അനുസരിക്കാനിനി എന്നെക്കിട്ടില്ല. ഞാൻ ഒറ്റയ്ക്ക് തീറ്റ തേടിപ്പോവുകയാണ്.' അടുത്ത ദിവസം, റാബിയും കൂട്ടുകാരും ഇറങ്ങുന്നതിനു മുമ്പേ ചിങ്കുമുയൽ കൂടിനു പുറത്തിറങ്ങി തീറ്റ തേടാനിറങ്ങി. പെട്ടെന്ന്, മുമ്പിലതാ ഒരു ചെന്നായ. ചിങ്കു പേടിച്ചോടാനൊരുങ്ങിയപ്പോൾ ചെന്നായ ചിരിച്ചുകൊണ്ടു പറഞ്ഞു: 'മുയൽ കുട്ടാ, നീ ആകെ ക്ഷീണിച്ചിരിക്കുന്നല്ലോ. നന്നായി വിശക്കുന്നുണ്ടല്ലേ? എന്റെ കൂടെ വരൂ, ഞാൻ നിനക്ക് ക്യാരറ്റുതോട്ടം കാണിച്ചു തരാം.'


ചിങ്കുമുയൽ ചെന്നായക്കു പിറകെ നടക്കാനാരംഭിച്ചു. ഇടയ്ക്കിടെ ചെന്നായ തിരിഞ്ഞുനോക്കുന്നതു കണ്ടപ്പോൾ ചിങ്കുവിന് കാര്യം പിടികിട്ടി. അവൻ തക്കം നോക്കി ഒറ്റയോട്ടം. ചെന്നായ പിറകിൽ ഓടിയെങ്കിലും ചിങ്കുവിനെ കിട്ടിയില്ല. 'ഹാവൂ, ഭാഗ്യത്തിന് രക്ഷപ്പെട്ടു. ഇനി ഒരിക്കലും ഞാൻ കൂട്ടം തെറ്റി നടക്കില്ല.' ചിങ്കു മുയൽ മനസ്സിൽ പറഞ്ഞു.

## വഴി കാണിക്കാമോ?

കുഞ്ഞിപ്പുഴുവിന് ആപ്പിൾ വേണം.
ഒറ്റസംഖ്യയുള്ള കളങ്ങളിലൂടെ പോകണം.
കൂട്ടുകാർ സഹായിക്കാമോ?

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 43 | 61 | 4 | 6 | 30 | 8 | 12 | 14 | 36 |
| | 78 | 23 | 16 | 14 | 32 | 68 | 66 | 46 | 68 |
| | 80 | 59 | 64 | 60 | 62 | 48 | 62 | 20 | 70 |
| 24 | 60 | 3 | 58 | 86 | 2 | 56 | 52 | 54 | 72 |
| 40 | 6 | 17 | 4 | 90 | 25 | 69 | 33 | 15 | 96 |
| 72 | 74 | 63 | 76 | 92 | 75 | 22 | 54 | 47 | 98 |
| 56 | 78 | 9 | 7 | 13 | 11 | 80 | 82 | 91 | 2 |
| 58 | 84 | 42 | 44 | 86 | 64 | 50 | 81 | 65 | |
| 38 | 8 | 90 | 26 | 92 | 34 | 94 | 51 | 96 | |
| 10 | 84 | 82 | 28 | 94 | 66 | 98 | 83 | 5 | 57 |

## വരക്കാൻ പഠിക്കാം



1 2 3 4

## വ്യത്യാസങ്ങൾ കണ്ടെത്താമോ?

ഒരുപോലെ തോന്നുന്ന ഈ ചിത്രങ്ങൾ തമ്മിൽ
5 വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?





## നിറം നൽകാം ഭംഗിയാക്കാം

ചിത്രത്തിന്
അനുയോജ്യമായ
നിറം നൽകി
ഭംഗിയാക്കിക്കോളൂ.



Current Affairs

## ഹാപ്പി ഫിൻലാൻഡ്

വേൾഡ് ഹാപ്പിനെസ് റിപ്പോർട്ടിൽ തുടർച്ചയായ എട്ടാം വർഷവും ഫിൻലാൻഡ് ഒന്നാം സ്ഥാനം സ്വന്തമാക്കി. ഓക്സ്ഫഡ് സർവകലാശാലയുടെ വെൽബീയിംഗ് റിസർച്ച് സെന്റർ പുറത്തുവിട്ട ഹാപ്പിനെസ് റിപ്പോർട്ടിൽ ഡെൻമാർക്ക്, ഐസ്‌ലൻഡ് എന്നീ രാജ്യങ്ങളാണു രണ്ടും മൂന്നും സ്ഥാനങ്ങളിൽ. ഇന്ത്യ 118-ാം സ്ഥാനത്താണ്.

## ചരിത്രമടക്കം

കാത്തിരിപ്പിനു വിരാമമിട്ട് ഇന്ത്യൻ വംശജയായ ബഹിരാകാശ യാത്രിക സുനിത വില്യംസും സഹയാത്രികൻ ബുച്ച് വിൽമോറും മാർച്ച് 18ന് ഭൂമിയിൽ തിരിച്ചെത്തി. സ്പേസ് എക്സ് ഡ്രാഗൺ ക്രൂ9 പേടകത്തിൽ മെക്സിക്കോ ഉൾക്കടലിലായിരുന്നു



ചരിത്ര ലാൻഡിംഗ്. കഴിഞ്ഞ വർഷം ജൂണിൽ ബഹിരാകാശനിലയത്തിലെത്തിയ ഇരുവരും പേടകത്തിന്റെ തകരാർ മൂലം മടക്കയാത്ര മുടങ്ങിയതോടെയാണ് 287 ദിവസം ബഹിരാകാശനിലയത്തിൽ ചെലവിട്ടത്.

## 'മാധവ്' ഇനി ദേശീയോദ്യാനം

മധ്യപ്രദേശിലെ മാധവ് കടുവാസങ്കേതത്തെ കേന്ദ്രസർക്കാർ ദേശീയോദ്യാനമായി പ്രഖ്യാപിച്ചു. കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവാണ് പ്രഖ്യാപനം നടത്തിയത്. രാജ്യത്തെ 58-ാമത്തെയും മധ്യപ്രദേശിലെ ഒൻപതാമത്തെയും ദേശീയോദ്യാനമാണ് മാധവ്. ഉത്തരാഖണ്ഡിലെ ജിം കോർബറ്റ് പാർക്കാണ് ഇന്ത്യയിലെ ആദ്യ ദേശീയോദ്യാനം.



## തൊഴിലുറപ്പിൽ ഹരിയാനത്തിളക്കം

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ വിവിധ സംസ്ഥാനങ്ങളിലെ ദിവസവേതന നിരക്ക് വർധിപ്പിച്ചു. മിനിമം വേതനം 369 രൂപയാക്കി. പദ്ധതിയിൽ ഏറ്റവും ഉയർന്ന വേതനം നൽകുന്ന സംസ്ഥാനം ഹരിയാനയാണ്. (400 രൂപ) കേരളത്തിൽ 369 രൂപയാണ് പുതിയ ദിവസവേതനം. കഴിഞ്ഞ വർഷം ഇത് 346 രൂപയായിരുന്നു.

# فَاتِنُ لَمْ تَعُدْ حَزِينَة ٣



فِي الْمَدْرَسَةِ، كَانَ تَامِرُ تِلْمِيذًا مُجْتَهِدًا وَهُوَ الْأَفْضَلُ فِي مَادَّةِ الرِّيَاضِيَّات. غَالِبًا مَّا طَلَبَ مِنْهُ رِفَاقُهُ الْمُسَاعَدَةَ عَلَى حِلِّ مَسْأَلَةٍ مُعَقَّدَةٍ .

وَفِي أَحَدِ الْأَيَّامِ، قَرَّرَ الْأُسْتَاذُ بِالْاِتِّفَاقِ مَعَ الْمُعَاوِنِ الصِّحِّي التَّكَلُّمَ عَنْ مُشْكِلَةِ شَلَلِ الْأَطْفَالِ. فَشَرَحَ لِلتَّلَامِيذِ أَسْبَابَ الْمَرَضِ وَ كَيْفَ يُصِيبُ الْأَطْفَالَ .

وَعِنْدَمَا سَأَلَهُ تَامِرُ لِمَاذَا لَا يَسْتَطِيعُ الْمَشْيَ وَالْوُقُوفَ كَسَائِرِ زُمَلَائِهِ أَجَابَهُ الْأُسْتَاذُ: لِأَنَّكَ لَمْ تَحْصُنْ ضِدَّ هَذَا الْمَرَضِ. وَبَعْدَ الْحِصَّةِ، تَابَعَ الْأَطْفَالُ نِقَاشَهُمْ حَوْلَ شَلَلِ الْأَطْفَالِ. فَأَخْبَرَهُمْ تَامِرُ قِصَّةَ صَدِيقَتِهِ فَاتِن.

فَاتِنُ فَتَاةٌ طَيِّبَةٌ فِي السَّابِعَةِ مِنَ الْعُمْرِ. أُصِيبَتْ بِشَلَلِ الْأَطْفَالِ وَلَا تَسْتَطِيعُ الْمَشْيَ أَوِ الْوُقُوفَ. هِيَ حَزِينَةٌ جِدًّا لِأَنَّهَا لَا تَسْتَطِيعُ الْاِلْتِحَاقَ بِالْمَدْرَسَةِ .

## هَيَّا نَحْفَظ وَ نَكْتُب الْمَعْنَى لِلْأَلْفَاظِ الْآتِيَة

تِلْمِيذٌ ، مُعَقَّدَةٌ ، الْمُعَاوِنُ الصِّحِّي ، زُمَلَاءٌ ، حَزِينَةٌ

# English *Corner*

**Story Line**

## The fruit of the labour

**A** farmer had three lazy sons. They had no interest in working. The poor farmer worked in the field all day. All his sons eat and sleep during day and night.

Once, the farmer said: 'You should also work like me. Then, we can reap a lot of grains from the field.' His sons didn't pay any attention to their father's words.

After a few days, the farmer fell ill. He called his sons and said: 'I am so tired and about to leave this world. You know, all my wealth is in our field.'

Shortly after, the farmer passed away. His sons thought that, their father had buried all the money in the field. All of them started digging the field together. But, they could found nothing. 'Father deceived us really. We worked so hard, but found nothing.' They said.

The rainy season came early that year. The field well – watered and they got five times more grain compared to previous years. They were gathering the grain in the threshing floor. Just then, a saint came and said: 'You have worked hard in the field. This is the fruit of that labour. Keep working like this. A lot of grain will continue to grow in this field.'

Then, they got the meaning of their father's words at the time of his death.

**Salam Thirumala**

# അധ്വാനത്തിന്റെ ഫലം

ഒരു കർഷകന് മൂന്ന് മടിയന്മാരായ ആൺമക്കളുണ്ടായിരുന്നു. ജോലി ചെയ്യാനൊന്നും അവർക്ക് താൽപ്പര്യമില്ല. പാവം കർഷകൻ പകൽ മുഴുവൻ വയലിൽ ജോലി ചെയ്യും. മക്കൾ രാവുംപകലും ഭക്ഷണം കഴിച്ച് സുഖമായുറങ്ങും.

ഒരിക്കൽ കർഷകൻ പറഞ്ഞു: 'നിങ്ങളും എന്നെപ്പോലെ ജോലി ചെയ്താൽ നമുക്ക് വയലിൽ നിന്ന് ധാരാളം ധാന്യങ്ങൾ കൊയ്തെടുക്കാം.' പക്ഷേ, മക്കൾ പിതാവിന്റെ വാക്കുകൾ ഒട്ടും ഗൗനിച്ചില്ല.

ദിവസങ്ങൾ കഴിഞ്ഞപ്പോൾ, കർഷകൻ അസുഖം ബാധിച്ച് കിടപ്പിലായി. മക്കളെ വിളിച്ച് അദ്ദേഹം പറഞ്ഞു: 'ഞാൻ വളരെ ക്ഷീണിതനാണ്, വൈകാതെ ഞാൻ മരണപ്പെടും. നിങ്ങൾക്കറിയാമല്ലോ, ഈ വയലിലാണ് എന്റെ സമ്പാദ്യം മുഴുവൻ.'

അധികം താമസിയാതെ, കർഷകൻ മരിച്ചു. സമ്പാദ്യം മുഴുവൻ അച്ഛൻ വയലിൽ കുഴിച്ചിട്ടിരിക്കുകയാണെന്ന് കരുതി മക്കളെല്ലാവരും കൂടി വയലിൽ കിളയ്ക്കാൻ തുടങ്ങി. എന്നാൽ, അവർക്കവിടെ ഒന്നും കണ്ടെത്താനായില്ല. 'അച്ഛൻ നമ്മെ ശരിക്കും പറ്റിച്ചു. നമ്മൾ കഠിനാധ്വാനം ചെയ്തിട്ടും ഒന്നും കണ്ടെത്തിയില്ലല്ലോ.' അവർ പറഞ്ഞു.

ആ വർഷം മഴക്കാലം നേരത്തെ വന്നു. വയലിൽ കൃഷി ചെയ്യാൻ നല്ല വെള്ളം ലഭിച്ചു. നന്നായി കിളച്ചുമറിച്ച മണ്ണിൽ കൃഷി ചെയ്തതിനാൽ മുൻവർഷങ്ങളെ അപേക്ഷിച്ച് അവർക്ക് അഞ്ചിരട്ടി ധാന്യം കൂടുതൽ ലഭിച്ചു. മെതിക്കളത്തിൽ അവർ ധാന്യം ശേഖരിക്കുമ്പോൾ ഒരു സന്യാസി അതുവഴി വന്നു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ വയലിൽ കഠിനാധ്വാനം ചെയ്തതിന്റെ ഫലമാണിത്. ഇതുപോലെ ഇനിയും അദ്ധ്വാനിക്കുക. വയലിൽ നിന്ന് ധാരാളം ധാന്യം ലഭിക്കും.'

മരണസമയത്ത് അച്ഛൻ പറഞ്ഞ വാക്കുകളുടെ അർത്ഥം അപ്പോഴാണവർക്ക് പിടികിട്ടിയത്.

# Tenses

## 4.Present perfect continuous Tense

The present perfect continuous tense is employed in a sentence to indicate an action that started in the recent past and is still continuing in the present.

### Structure

**Subject + have/has + been + present participle (verb+ing) + the rest of the sentence**

### Positive

- I have been working on this project for a month.
- He has been teaching them for a week.

### Negative

- I have not been working on this project for a month.
- He has not been teaching them for a week.

### Interrogative

- Have I been working on this project for a month?
- Has he been teaching them for a week?

### Negative Interrogative

- Have I not been working on this project for a month?

/ Haven't I been working on this project for a month?

- Has he not been teaching them for a week?

/ Hasn't he been teaching them for a week?


## Uses of Present perfect continuous


- ***Actions that started in the past and continue in the present***

She has been waiting for you all day
(= and she's still waiting now).
I've been working on this report since eight o'clock this morning
(= and I still haven't finished it).
They have been travelling since last October
(= and they're not home yet).

- ***Actions that have just finished, but we are interested in the results***

She has been cooking since last night
(= and the food on the table looks delicious).
It's been raining
(= and the streets are still wet).
Someone's been eating my chips
(= half of them have gone).


Master
Imitable
Adil at Rizwan's house
Assalamu alaikum Rizwan, how are you?
Waalaikumu ssalaam, I'm fine Adil.
How is your vacation going?
Going well. I was reading a book.
Which book?
The Old Man and the Sea by Ernest Hemingway.
Good. It's a great book.
Are you coming with me to the madrasa?
Yes. Let's go there. Is there anything special?


The rainy season is coming, Let's clean it up a bit.
Good idea. Here I come.
Don't you see these coconut shells? They fill up with water during the rainy season.
Mosquitoes lay their eggs in them and breed.
Let's overset it.
It would be best to move it to a place where it won't rain.
Now, here Cleaned.
Yes, now we can clean the area around the Masjid as well.
After a while,
After removing all the fallen leaves, the road became clean and beautiful.
Yes, now we should clean our house and surroundings like this.
Yes, of course.

# WORD PUZZLE

Read the story '**The fruit of labour**', find the underlined words and try to find out its meaning.

| | | | | | | |
|---|---|---|---|---|---|---|
| F | A | R | M | E | R | G |
| A | F | T | E | R | A | R |
| T | N | I | A | S | E | A |
| H | M | O | N | E | Y | I |
| E | G | R | O | W | Z | N |
| R | E | A | P | L | A | U |
| W | E | F | I | E | L | D |

## Name me



H _ _



H _ _ _ _



H _ _

ANS: HEN, HORSE, HAT

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 2 | 1 | 6 | 7 | | | 5 |
| | | 5 | | | | | 1 | 9 |
| | | 1 | | | | 7 | | 2 |
| 9 | | 4 | | | 1 | | 7 | |
| 6 | | | | | | | 8 | |
| 3 | | | | 2 | 9 | | | 6 |
| | 4 | | 2 | 7 | | 5 | | |
| | 7 | | | 1 | | 6 | | 4 |
| | 8 | 6 | 4 | | | | 9 | |

## Sudoku

ANSWER

**APRIL ISSUE**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 2 | 1 | 3 | 6 | 9 | 5 | 8 | 7 |
| 6 | 7 | 8 | 2 | 5 | 4 | 1 | 9 | 3 |
| 9 | 5 | 3 | 7 | 1 | 8 | 6 | 4 | 2 |
| 5 | 3 | 6 | 4 | 2 | 7 | 8 | 1 | 9 |
| 7 | 4 | 9 | 1 | 8 | 6 | 3 | 2 | 5 |
| 1 | 8 | 2 | 9 | 3 | 5 | 7 | 6 | 4 |
| 2 | 6 | 7 | 5 | 4 | 1 | 9 | 3 | 8 |
| 8 | 9 | 4 | 6 | 7 | 3 | 2 | 5 | 1 |
| 3 | 1 | 5 | 8 | 9 | 2 | 4 | 7 | 6 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**